ശ്രീ. എ. വി. താമരാക്ഷൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഒരു ബില്ലിന്റെ ചർച്ചയിൽ ആ ബില്ലിന്റെ പരിധിയിൽ തുങ്ങിനിന്ന് സംസാരിക്കേണ്ടതാണ് എന്നാൽ..... (ബഹളം) ഈ സഭയിൽ ബഹുമാനപ്പെട്ട എം. വി. രാഘവൻ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബില്ലിന്റെ പരിധി വിട്ടു സംസാരിച്ചതു മുഴുവൻ രേഖയിൽനിന്ന് ഒഴിവാക്കണമെന്നഭ്യർത്ഥിക്കുന്നു. അത് ഓർഡറിൽ അല്ല. അത് ഒഴിവാക്കാൻ അഭ്യർത്ഥിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : സാധാരണ മെമ്പർമാരൊക്കെ ഇവിടെ പരിധിവിട്ട് സംസാരിക്കാറുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞിരിക്കുന്നു. ഇനി സംസാരിക്കാനുണ്ടെങ്കിൽ അടുത്ത ദിവസത്തിലേക്ക് മാറ്റിവയ്ക്കേണ്ടിവരും.

ശ്രീ. എം. വി. രാഘവൻ : സംസാരിക്കാൻ ഉണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : അടുത്ത ദിവസം സംസാരിക്കാം. ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ശ്രീ. എം. വി. രാഘവന്റെ പ്രസംഗം കഴിഞ്ഞിട്ടേ ഞാൻ മറുപടി പറയുന്നുള്ളു..... (ബഹളം)... .....

ശ്രീമതി കെ. ആർ. ഗൗരി : പത്തുമിനിട്ട് കഴിഞ്ഞസ്ഥിതിക്ക് മന്ത്രിക്ക് മറുപടിവേണമെങ്കിൽ പറയാം.

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. എം. വി. രാഘവൻ പ്രസംഗിച്ചു കഴിഞ്ഞില്ല. അതായത് ഒരു മെമ്പർ സംസാരിച്ചുകഴിഞ്ഞെങ്കിൽ മാത്രമേ മന്ത്രി മറുപടി പറയേണ്ടതായിട്ടുള്ളു. ശ്രീ. എം. വി. രാഘവന്റെ പ്രസംഗം കഴിഞ്ഞിട്ടില്ല. പ്രസംഗം കഴിഞ്ഞാൽ ഞാൻ മറുപടി പറയാം.

(ചർച്ച തുടരും)

അനൗദ്യോഗിക പ്രമേയങ്ങൾ

(1) സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മ *

ശ്രീ. കെ. മുസ്സക്കുട്ടി : സർ, ശ്രീ. സി. കെ. തങ്കപ്പന്റെ അഭാവത്തിൽ ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു. "വ്യവസായത്തകർച്ച, വ്യവസായസ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ, ലേ ഓഫ്, യന്ത്രവൽക്കരണം, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ കാരണങ്ങളാൽ സംസ്ഥാനത്തെ തൊഴിൽമേഖലയിലെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സ്ഥിതിവിശേഷം കണക്കിലെടുത്ത് സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ ഒരു സ്കീം തയ്യാറാക്കി നടപ്പിലാക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് ആവശ്യപ്പെടുന്നു", എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് ഒട്ടേറെ വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടിക്കഴിഞ്ഞിരിക്കുകയാണ്. അതിന്റെ കാരണങ്ങൾ എടുത്തു പരിശോധിച്ചാൽ കേന്ദ്ര-സംസ്ഥാനഗവൺമെന്റുകളുടെ തെറ്റായ നയവും

* ശ്രീ. സി. കെ. തങ്കപ്പൻ അധികാരപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. മുസ്സക്കുട്ടി പ്രമേയം അവതരിപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനഗൺമെൻറിൻെറ പിടിപ്പുകേടും കൊണ്ടാണ് ഈ വ്യവസായ സ്ഥാപനങ്ങളെല്ലാം ഇന്ന് അടഞ്ഞുകിടക്കുന്നതെന്ന് മനസ്സിലാകും. ചെറുതും വലുതുമായ ഒട്ടേറെ വ്യവസായസ്ഥാപനങ്ങൾ, പരമ്പരാഗതാ മേഖലയിലുള്ളതുതന്നെ നിരവധി പൂട്ടിക്കിടക്കുകയാണ്. എന്നാൽ ആധുനിക വ്യവസായമേഖലയിലുള്ള ഈ ഫാക്ടറികൾക്കെല്ലാം പൊതുമേഖലയിലായാലും ശരി സഹകാര്യമേഖലയിലായാലും ശരി അവർക്കാവശ്യമായ റാ മെറ്റീരിയൽസ് കൊടുക്കുന്നില്ലാ അവർക്കാവശ്യമായ വിദ്യുച്ഛക്തി കൊടുക്കുന്നില്ല. അതുപോലെതന്നെ ആവശ്യമായിവരുന്ന മൂലധനം കൊടുക്കുന്നില്ല. പൊതുമേഖലയിലുള്ള വ്യവസായസ്ഥാപനങ്ങളിലെ വ്യവസായങ്ങളെയും പീഡിതവ്യവസായങ്ങളെയും എങ്ങനെ സംരക്ഷിക്കണമെന്നുള്ള കാര്യങ്ങളെസംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിന് യാതൊരു നയവും വ്യക്തതയുമില്ല. ഇതിൻെറയെല്ലാം അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തിൽ നിലവിൽ നടന്നുകൊണ്ടിരുന്ന വ്യവസായങ്ങൾ പൂട്ടുകയും, നടക്കുന്ന വ്യവസായങ്ങൾ തന്നെ പലതും പീഡിതവ്യവസായങ്ങളായി മാറിക്കഴിയുകയും ചെയ്തിരിക്കുന്നു. മറെറന്ന്, ഈ സർക്കാർ യന്ത്രവൽക്കരണവും കമ്പ്യൂട്ടറൈസേഷനും കൊണ്ടുവരുന്നതിൻെറ ഫലമായി ഒട്ടേറെ പേർക്ക് തൊഴിൽ സാദ്ധ്യതകൾ ഭാവിയിൽ നഷ്ടപ്പെടുകയാണ്. അങ്ങനെ ഭാവിയിൽ തൊഴിൽ സാദ്ധ്യതകൾ നഷ്ടപ്പെടുക, നിലവിലുള്ള തൊഴിൽ നഷ്ടപ്പെടുക എന്നുള്ള ഈ ദുസ്ഥിതി ഈ രാജ്യത്ത് സംഭവിച്ചിരിക്കുന്നതിനെ മാറിയെടുക്കാൻ യാതൊരു പരിപാടിയുമില്ല. ഇന്ത്യയുടെ പ്രധാനമന്ത്രിതന്നെ പീഡിതവ്യവസായങ്ങളെ ഏറെറടുക്കില്ലെന്നും, പൊതുമേഖലാസ്ഥാപനങ്ങൾക്ക് പ്രാധാന്യംകൊടുക്കുന്ന പ്രശ്നമില്ലെന്നും പറഞ്ഞ് ഇന്ത്യാ ഗവൺമെൻറുതന്നെ നമ്മുടെ രാജ്യത്തിലെ വ്യവസായങ്ങളെ തകർക്കുന്നവിധത്തിലുള്ള ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ഗവൺമെൻറിൻെറ തെറെറായ നയങ്ങൾ തിരുത്താനും കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ നയങ്ങൾ മാറി തൊഴിലില്ലായ്മവർദ്ധനവിനെ ക്രമീകരിച്ചുകൊണ്ടുവരാനും അതുപോലെതന്നെ അടച്ചുപൂട്ടപ്പെട്ടതും പീഡിതവ്യവസായങ്ങളായിട്ടുള്ളതുമായ വ്യവസായങ്ങളെ തുറന്നുപ്രവർത്തിക്കാനാവശ്യമായ ഒരു പദ്ധതി തയ്യാറാക്കി നടപ്പിൽവരുത്താൻ ഈ സഭ ഗവൺമെൻറിനോടാവശ്യപ്പെടേണ്ടതാണ്. അതാണ് ഈ പ്രമേയത്തിൽ പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത്. എത്രയോ വർഷമായി പൂട്ടിക്കിടക്കുന്ന വ്യവസായസ്ഥാപനങ്ങളുണ്ട്. നാലും അഞ്ചും കൊല്ലമായി പൂട്ടിക്കിടക്കുന്ന വ്യവസായസ്ഥാപനങ്ങളുണ്ട്. നാലരക്കൊല്ലമായി ഈ ഗവൺമെൻറധികാരത്തിൽ വന്നിട്ട്. നാലരക്കൊല്ലമായി പൂട്ടിക്കിടക്കുന്ന നിരവധി വ്യവസായ സ്ഥാപനങ്ങൾ ഈ സംസ്ഥാനത്തിൽ ഉണ്ട്. 16 മാസമായി മാവൂർ ഗ്വാളിയോർ റയോൺസ് പൂട്ടിക്കിടക്കുകയാണ്. അങ്ങനെ സഹകാര്യ മേഖലയിലായാലും ശരി പൊതുമേഖലയിലായാലും ശരി ഓരോ വ്യവസായങ്ങളും പൂട്ടിക്കിടക്കുകയാണ്. അതിൻെറ മുഴുവൻ പട്ടികയും ഇവിടെ നിരത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാലും ഏതാനും ചില ഫാക്ടറികളുടെ പേരു പറയുകയാണ്. ഈ ഗവൺമെൻറിൻെറ തെറെറായ വ്യവസായനയത്തിൻെറയും തൊഴിൽനയത്തിൻെറയും ഫലമായി പൂട്ടിക്കിടക്കുന്ന വ്യവസായസ്ഥാപനങ്ങളാണിതൊക്കെ. കോമിക് ഇന്ത്യാ ലിമിറഡ്, ആലപ്പുഴ, റ്റ്യൂബ് റബ്ബർ വർക്സ്, ചങ്ങനാശേരി, ആർജ്ജുൻ റബ്ബർ പ്രോഡക്ടസ്, തൊടുപുഴ, ടി. കെ. കെമിക്കൽസ്, തിരുവനന്തപുരം, പോപ്പുലർ ആട്ടോമൊബൈൽസ് തിരുവനന്തപുരം, ഇന്ത്യൻ മെറെറൽ ആൻഡ് സ്റ്റീൽ മേക്കിംഗ് വടക്കാഞ്ചേരി, ഗ്വാളിയോർ റയോൺസ്, പുനലൂർ പേപ്പർമിൽസ് തുടങ്ങിയ ഒട്ടേറെ വ്യവസായങ്ങൾ ഈ രാജ്യത്ത് പൂട്ടിക്കിടക്കുകയാണ്. അതുപോലെതന്നെയാണ് തിരുവനന്തപുരം റബ്ബർ വർക്സ്. ചാക്കയിൽ പി. ഡബ്ളിയു. ഡി. വർക്ഷാപ്പ് ഗവൺമെൻറിനേറതായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനമാണ്. ആ വർക്ക്ഷോപ്പ് അടച്ചുപൂട്ടിക്കഴിഞ്ഞിരിക്കുകയാണ്. അങ്ങനെ ഓരോ സ്ഥാപനങ്ങളും അടച്ചുപൂട്ടുന്നതല്ലാതെ അത് തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ യാതൊരു പദ്ധതികളും ഇവിടെ നടക്കുന്നില്ല. കോഴിക്കോട് കുന്നത്തറ ടെക്സ്റൈൽസ് എന്നുപറയുന്ന ഒരു സ്ഥാപനം മാസങ്ങളായി പൂട്ടിക്കിടക്കുകയാണ്. പ്രവർത്തനമൂലധനമില്ലായ്മയാണ് കാരണം. എഴുനൂറോളം തൊഴിലാളികളും ജോലിചെയ്യുന്ന സ്ഥാപനമാണ്, ആ സ്ഥാപനം തുറക്കുന്നതിനാവശ്യമായ പ്രവർത്തനമൂലധനം കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. മാവൂർ ഗ്വാളിയർ റയോൺസ്, പതിനാറു മാസമായി പൂട്ടിക്കിടക്കുന്നു. ഇതൊന്ന് ചർച്ചചെയ്ത് പരിഹരിക്കണമെന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിന് വല്ല ധാരണയുമുണ്ടോ ? ധാരണയില്ല. അവിടത്തെ തൊഴിലാളികളെ കുരങ്ങുകളിപ്പിക്കുകയാണ് ഈ മുഖ്യമന്ത്രി ചെയ്തുകൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രി മാനേജുമെന്റിന്റെ ഭാഗത്തുനിന്ന്, മാനേജ്മെന്റിനെയും തൊഴിലാളികളെയും തമ്മിൽ ഭിന്നിപ്പിക്കുകയാണ്, മാനേജുമെന്റ് പറയുന്നതാ മെറ്റീരിയൽസിന്റെ പ്രശ്നത്തിനോടും തൊഴിലാളികളുടെ ശമ്പളപരിഷ്കരണത്തിനോടു ഈ ഗവൺമെന്റിന്റെ സമീപനമെന്താണ് ? ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങളും ഗവൺമെന്റ് ചെയ്യണം. ഇറക്കുമതിയുടെ പ്രശ്നം, ഉണ്ട്, നാ മെറ്റീരിയൽസിന്റെ പ്രശ്നം ഉണ്ട്. ആ പ്രശ്നങ്ങളൊക്കെ പരിഹാരം കണ്ടെത്തി ഈ കമ്പനി തുറപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങളും ചെയ്യാൻ ഈ ഗവൺമെന്റിനും മുഖ്യമന്ത്രിക്കും മുൻകൈയെടുക്കാൻ സാധിക്കുമോ ? തൊഴിലാളികളും ഈ സെക്രട്ടേറിയറ്റ്നടയിൽ സമരവുമായി വന്നുകിടക്കുകയാണ്, പതിനാറുമാസമായി ഈ ഗവൺമെന്റ് മാനേജുമെന്റിനുവേണ്ട എല്ലാ സഹായവും ചെയ്തുകൊണ്ടിരിക്കുകയല്ലാതെ ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അത് സീസണൽ ഫാക്ടറിയാക്കിമാറ്റാൻ മാനേജുമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കോഴിക്കോട്, മലപ്പുറം ജില്ലയിലെ തൊഴിൽ മേഖല മുഴുവൻ സ്തംഭിച്ചിരിക്കുന്നു. നാലായിരത്തോളം തൊഴിലാളികളും നേരിട്ടു ജോലി ചെയ്യുന്നവരും അവരുടെ ആയിരക്കണക്കിന് കുടുംബങ്ങളും ഇതുമായി നേരിട്ടു ബന്ധമുള്ള മറ്റ് നിരവധി കുടുംബങ്ങളും ഇന്ന് പട്ടിണിയിലാണ്. ആ വ്യവസായങ്ങളും തുറന്നുപ്രവർത്തിപ്പിക്കുവാൻ ഗവൺമെന്റിന് എന്തുപരിപാടിയുണ്ട് ? തൊഴിലാളികളെ വഞ്ചിക്കാൻവേണ്ടി ഈ ഗവൺമെന്റ് കുറെ പ്രസ്താവനകളും ഇറക്കിയിട്ടുണ്ട്. വ്യാപാര-വ്യവസായികളുടെ ഒരു പത്രമായ കാലിക്കറ്റ് ടൈംസിൽ ഇങ്ങനെ പറയുന്നു, ഈ മുഖ്യമന്ത്രി തൊഴിലാളികളെ കുരങ്ങുകളിപ്പിക്കുന്നതിന്റെ ഒരു സാമ്പിളാണ് ഞാൻ പറയുന്നത്. " മാനേജുമെന്റും നാനാ തൊഴിലാളി വിഭാഗവുമായി ബന്ധപ്പെട്ട് ഒരു പ്രദേശത്തെ മുഴുവൻ അലട്ടിക്കൊണ്ടിരിക്കുന്ന ഈ പ്രശ്നത്തിനു ഉചിതമായ നടപടികളും ശുപാർശചെയ്യാൻ പെരിങ്ങളം എം. എൽ. എ. യും ഗ്വാളിയർ റയോൺസിലെ ആദ്യകാലജീവനക്കാരനും യൂണിയൻ നേതാവുമായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ചുമതലപ്പെടുത്തിയതായി അറിയുന്നു. അതിനിടയ്ക്ക് റയോൺസിലെ ഉദ്യോഗസ്ഥൻമാർ മിക്കവരും തിരുവനന്തപുരത്താണ്. മുഖ്യമന്ത്രിയുമായും തൊഴിൽവകുപ്പുമന്ത്രിയുമായും അവർ ചർച്ച നടത്താൻ ആഗ്രഹിക്കുന്നില്ല. ഈ മാസാവസാനത്തിനുമുമ്പുതന്നെ ഒരനുരഞ്ജന ചർച്ച വിളിച്ചുകൂട്ടി ഈ കമ്പനി തുറക്കും " എന്നാണ് ടൈംസ് എന്നുപറയുന്ന പത്രം റിപ്പോർട്ട് ചെയ്തത്.

സർ, ഇ. ടി. മുഹമ്മദ് ബഷീറിന്റെ റിപ്പോർട്ട് കിട്ടിയാലുടൻ മുഖ്യമന്ത്രി ഇതെല്ലാം തുറക്കാൻ തയ്യാറാകും എന്നാണ് പറയുന്നത്. എവിടെ നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കൂടിയാലോചന ? ഈ ഗവൺമെൻറ് തൊഴിലാളികളുംപ്പെടെ എല്ലാ മനുഷ്യരേയും കയ്യിലെടുത്ത് കുരങ്ങു കളിപ്പിക്കുകയാണ്. ഇതിൽ ഭരണകക്ഷിയിലെ എല്ലാ ട്രേഡ് യൂണിയൻ നേതാക്കൻമാരേയും മുഖ്യമന്ത്രി കളിപ്പിക്കുകയല്ലേ. യഥാർത്ഥത്തിൽ ഈ ഗവൺമെൻറിൻെറ കൊള്ളരുതായ്മയുടെ ഫലമായിട്ടല്ലേ ആ വ്യവസായങ്ങളം തുറക്കാതെ ബിർളാ മാനേജ്മെൻറിന് നീട്ടിക്കൊണ്ടുപോകുന്നതിനുള്ള മനോധൈര്യം ഉണ്ടാക്കിക്കൊടുക്കുന്നത്. ആ വ്യവസായം ഇൻഡ്യാ ഗവൺമെൻറ് ഏറെറടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇതിന് മുൻപ് ഈ സഭയിൽ ഒരു പ്രമേയം പ്രതിപക്ഷം കൊണ്ടുവന്നു. തൊഴിലാളി പ്രേമം കാണിക്കുന്ന ഭരണകക്ഷിയിലെ നേതാക്കൻമാരോട് ഞാൻ ചോദിക്കട്ടെ, ആ പ്രമേയം ഈ സഭയിൽ കൊണ്ടുവന്നപ്പോഴം അതിനെ വോട്ടുചെയ്ത് പരാജയപ്പെടുത്താൻ അല്ലാതെ നിങ്ങൾക്ക് കഴിഞ്ഞോ. ഈ ഗവൺമെൻറിൻെറ നയമെന്താണ്, ഈ ഗവൺമെൻറിൻെറ സമീപനമെന്താണ് ? ഈ വ്യവസായവും അതുപോലെതന്നെ കേരളത്തിലെ ഒട്ടേറെ വ്യവസായങ്ങളും തുറന്ന് പ്രവർത്തിക്കാനാവശ്യമായ രീതിയിൽ ഈ ഗവൺമെൻറ് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിൻെറ മുൻപിൽ വയ്ക്കണം. മാവൂർ ഗ്വാളിയോർ റയോൺസ്, കുന്നത്തറ ടെക്സ്റൈൽസ് മുതലായ കേരളത്തിലെ അടഞ്ഞുകിടക്കുന്ന എല്ലാ വ്യവസായശാലകളും തുറന്നുപ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികളുമായി ഈ ഗവൺമെൻറ് ഇറങ്ങിവരണം. അല്ലെങ്കിൽ കേരളത്തിലെ ജനങ്ങളം ഈ ഗവൺമെൻറിൻെറ നയത്തിനെതിരായി എങ്ങനെ പ്രവർത്തിക്കണമെന്നുള്ളത് ആലോചിക്കേണ്ടിവരും. പക്ഷേ അതിലേക്ക് ജനങ്ങളെ എത്തിക്കരുത്. നിങ്ങളം ഈ രാജ്യത്ത് വ്യവസായതകർച്ചയും പവർകട്ടും അസംസ്കൃത പദാർത്ഥങ്ങളം കൊടുക്കേണ്ടത് കൊടുക്കാതിരിക്കുകയും ചെയ്യുന്നു. മൂലധനം കൊടുക്കേണ്ട കാര്യങ്ങളിൽ ആവശ്യമായ കാര്യങ്ങളം ചെയ്യാൻ മുന്നോട്ടു വരുന്നില്ല. ഇത്തരം പ്രശ്നങ്ങളിൽ ഈ ഗവൺമെൻറ് ജാഗ്രത കാണിക്കണം. മാവൂരിലെ തൊഴിലാളികളം ഇവിടെ ധർണ നടത്തിവരികയാണ്. കങ്കാണി വാദം പറയാൻ നിങ്ങൾക്ക് കൂലിക്കാരെ കിട്ടുമെങ്കിലും തൊഴിലാളികൾക്കുവേണ്ടി, അവരുടെ പ്രശ്നം പരിഹരിക്കാൻ ആരും മുന്നോട്ടുവരാൻ തയ്യാറാകുന്നില്ല. കങ്കാണി മന്ത്രിയും ആ മന്ത്രിയുടെ ഒത്താശക്കാരും കോടാലികൈയായി പ്രവർത്തിക്കാൻ ഈ രാജ്യത്ത് കുറേ വായാടികളം ഉണ്ട്. അത്തരം വായാടികളായ വർഗ്ഗവഞ്ചകരെ ഒററപ്പെടുത്തിക്കൊണ്ട് ഈ രാജ്യത്തെ തൊഴിലാളികളം ഈ ഗവൺമെൻറിൻെറ തെററായ നയം തിരുത്താൻ മുന്നോട്ടുവരും. ഗവൺമെൻറ് ആവശ്യമായ നടപടികളം സ്വീകരിക്കണം.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഇൻഡ്യയിലാകമാനം എൺപതിനായിരത്തോളം വ്യവസായ യൂണിറുകളം സിക്കായിട്ടുണ്ട്. അതിൻെറ ഭാഗമായി കേരളത്തിലും നിരവധി വ്യവസായശാലകളം പൂട്ടിക്കിടക്കുകയാണ്. ഇതിൻെറ തകർച്ചയുടെ പ്രധാന കാരണം ഇന്നുവരെയുള്ള തെററായ പ്ലാനിംഗിൻേറയും നയത്തിൻേറയും ഫലമാണ്. അസംസ്കൃത സാധനങ്ങളുടെ കുറവ്, ഇലക്ട്രിസിറി, മൂലധന കേന്ദ്രീകരണം, വ്യവസായങ്ങളം എവിടെ സ്ഥാപിക്കണമെന്നുള്ളതിനെ സംബന്ധിച്ച ശരിയായ പ്ലാനിംഗ് ഇതിൻെറയെല്ലാം അഭാവം മൂലമാണ് ഇത്തരം വ്യവസായശാലകളം അശാസ്ത്രീയമായി പൂട്ടിക്കിടക്കുന്നത്. ഇപ്പോഴം ഇതിലും കൂടുതൽ വ്യവസായശാലകളം പൂട്ടത്തക്കവിധത്തിലുള്ള നയമാണ് ഇൻഡ്യാ ഗവൺമെൻറ് പൊതുവേ അനുവർത്തിച്ചുവരുന്നത്.

ഇവിടെ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുമെന്നു കഴിഞ്ഞ ദിവസം വ്യവസായ വകുപ്പുമന്ത്രിതന്നെ പറഞ്ഞു, സിക്ക് യൂണിറുകളൊന്നും ഏറെറടുക്കുകയില്ല, പുതിയ യൂണിറുകളം തുറക്കുകയെന്നുള്ളതാണ് കേരു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന്റെ വ്യവസായനയം എന്ന്. കേരളത്തിൽ അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ലക്ഷക്കണക്കിനാളുകൾ തൊഴിലില്ലാത്തവരായുണ്ട്, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യർ 27 ലക്ഷം വരും. അഭ്യസ്തവിദ്യരല്ലാത്ത നിരവധി ആളുകൾ കേരളത്തിലുണ്ട്. ഇവർക്കെല്ലാം തൊഴിലവസരം കൊടുക്കാനുള്ള ബാദ്ധ്യത ഒരു ജനകീയ ഗവൺമെൻറിനുണ്ട്. കഴിഞ്ഞ 5 വർഷക്കാലം ഇതിനുവേണ്ടി ഈ ഗവൺമെൻറ് യാതൊരു പരിശ്രമവും നടത്തിയിട്ടില്ല. 7-ാം പഞ്ചവൽസരപദ്ധതി ഇന്ന് സസ്പെൻഷനിലാണ്. പതിനായിരം വ്യവസായ യൂണിറ്റുകൾ ഇവിടെ തുറക്കാൻ പോകുകയാണ്. എന്നും ഓരോ താലൂക്കിലും വിവിധ വ്യവസായശാലകൾ തുറക്കുമെന്നും ഈ ഗവൺമെൻറ് (വ്യവസായ വകുപ്പുമന്ത്രി) പ്രഖ്യാപിക്കുകയുണ്ടായി. എവിടെ ആ വ്യവസായ യൂണിറ്റുകൾ? വ്യവസായ യൂണിറ്റുകൾ ഉണ്ടായിട്ടില്ല. പുതുതായി ആർക്കും തൊഴിൽ സാദ്ധ്യത ഉണ്ടാക്കിക്കൊടുക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ പഞ്ചവൽസരപദ്ധതിയുടെ ഭാഗമായിട്ട് കേരളത്തിലുണ്ടായ ചെറുകിട വ്യവസായശാലകളിൽ 50 ശതമാനത്തോളം ഇന്ന് പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. ഇലക്ട്രിസിറ്റിയുടെ കുറവ്, അസംസ്കൃത സാധനങ്ങളുടെ കുറവ്, മൂലധന കേന്ദ്രീകരണത്തിൽ ബാങ്കുകൾ വരുത്തുന്ന ഡിലേ ഇത്തരത്തിൽ ഉള്ള പല അപാകതകളും ഇന്ന് ഈ വ്യവസായങ്ങൾക്കുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

കോഴിക്കോട് ജില്ലയിലെ മരവ്യവസായശാല, ലോകത്തിലെ രണ്ടാമത്തെ മരവ്യവസായശാലയാണ്. അത് ഏറെക്കുറെ പൂട്ടുന്ന സ്ഥിതിയിൽ ആയിട്ടുണ്ട്. അസംസ്കൃതസാധനങ്ങളുടെ അഭാവം അവിടെയുണ്ട്. പുതിയ പരിഷ്ക്കാരങ്ങൾ വരുമ്പോൾ ചില മാറ്റങ്ങൾ വരും. അത് ഞാൻ അംഗീകരിക്കുന്നു. ആ മരവ്യവസായശാല പ്രവർത്തിക്കുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ഇറക്കുമതി ചെയ്യാനുള്ളനയം ഗവൺമെൻറ് മുൻപേ രൂപീകരിക്കേണ്ടതായിരുന്നു.

മാവൂർ ഗ്വാളിയോർ റയോൺസിനെപ്പറ്റി മൂസ്സക്കുട്ടി ഇവിടെ പറഞ്ഞു. 14 മാസമായി പൂട്ടിക്കിടക്കുന്ന ആ വ്യവസായശാല എത്രയുംവേഗം തുറക്കാനുള്ള എന്തുനടപടിയാണ് ഈ ഗവൺമെൻറ് ചെയ്തത്? ഒരു നീക്കവും ഈ ഗവൺമെൻറ് നടത്തിയില്ല. തൊഴിലാളികളെ ക്ഷീണിപ്പിച്ച് മുതലാളിമാരുടെ കാൽ നക്കുന്നവരാക്കി മാറ്റുന്ന നയമാണ് വാസ്തവത്തിൽ ഈ ഗവൺമെൻറ് ചെയ്തിട്ടുള്ളത്. അവിടെ സി. ഐ. ടി. യു. കാരോ കമ്മ്യൂണിസ്റ്റുകാരോ മാത്രമല്ല ഉള്ളത്, എല്ലാവരുമുണ്ട്. എത്രയോ തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്. എത്രപേർ കുത്തുപാളയെടുത്തു നടക്കുകയാണ്. സ്റ്റേറ്റിൽനിന്ന് അവർക്ക് സാധനം കിട്ടുന്നില്ല. അവർ സെക്രട്ടേറിയറ്റ് പടിക്കൽ സത്യാഗ്രഹം നടത്തുകയാണ്.

അതുപോലെതന്നെ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ കാര്യം. അയ്യായിരം രൂപവീതം ഷെയറെടുത്തിട്ടുള്ള വിദ്യാഭ്യാസയോഗ്യതയുള്ള ആളുകൾ തുടങ്ങിയതാണ് ആ ഫാക്ടറി. അതും ഇന്ന് പൂട്ടിക്കിടക്കുകയാണ്. അതേ വ്യവസായത്തിൽ കർണ്ണാടകത്തിൽ പണിമുടക്ക് ഉണ്ടാകുന്നതിന് മുൻപ് അവിടെ എഗ്രിമെൻറായി. ഇവിടെ അങ്ങനെ ചെയ്യാത്തത് ഇവിടുത്തെ ഗവൺമെൻറിന്റെ കൊള്ളരുതായ്മയല്ലേ. ആറരക്കോടി രൂപയോളം വിൽപ്പന നികുതിയിനത്തിൽ ഗവൺമെൻറിന് നഷ്ടമുണ്ട്. അതുപോലെതന്നെ തൊഴിലാളികൾക്ക് പതിനാലരക്കോടി രൂപയും നഷ്ടമുണ്ട്. അത് തുറക്കാൻവേണ്ടിയുള്ള എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കാൻ പോകുന്നത് എന്ന് മനസ്സിലാകുന്നില്ല. കമ്പ്യൂട്ടറൈസേഷൻ വർദ്ധിച്ചുവരുന്നു. 73 ശതമാനം കാർഷികവൃത്തിയെ ആശ്രയിച്ചു ജീവിക്കുന്ന ജനങ്ങളുള്ള പ്രദേശത്ത് കമ്പ്യൂട്ടറൈ

LIBRARY ARCHIVES Kerala Legislative Assembly

സേഷൻ വന്നാൽ അവർക്ക് തൊഴിൽ നിഷേധിക്കുന്നു എന്നു മാത്രമല്ല, മാവിയിലുണ്ടാകാവുന്ന തൊഴിൽസാദ്ധ്യതകൂടി നിഷേധിക്കുന്ന ഏർപ്പാടാണ് ഉണ്ടാകാൻ പോകുന്നത്. അതിനെതിരായി ഇൻഡ്യാ ഗവൺമെൻറിൻെറ കമ്പ്യൂട്ടറൈസേഷൻ നയം തിരുത്തണം. പ്രായോഗികമായി ജനങ്ങളെ പിരിച്ചുവിടാത്ത നിലയിൽ കമ്പ്യൂട്ടറൈസേഷൻ ഇംപ്ലിമെൻറ് ചെയ്യുന്നതിൽ വിരോധമില്ല. പക്ഷേ വിപുലമായ രംഗത്ത് കമ്പ്യൂട്ടറൈസേഷൻ കൊണ്ടുവരാൻ പാടില്ല. ഇവിടെ വളർന്നുവരുന്ന നയത്തെ അംഗീകരിക്കുന്ന നയമാണ് ഇൻഡ്യാ ഗവൺമെൻറ് അനുവർത്തിച്ചുവരുന്നത്. വിദേശ ഇറക്കുമതിയുടെകൂടി ഫലമായിട്ടാണ് മാവൂർ കമ്പനി പ്രവർത്തിക്കാൻ കഴിയാത്തത്. അതുകൊണ്ട് വിപുലമായ രംഗത്ത് കേരളത്തിലെ വ്യവസായങ്ങളും ഇൻഡ്യയിലെ വ്യവസായങ്ങളും നിലനിറുത്തണം. ആ രീതിയിൽ വ്യവസായനയം രൂപീകരിക്കാനും പ്ലാനിംഗിൽ അടിസ്ഥാനപരമായ മാറ്റം വരുത്തുന്നതിനും ഈ രാജ്യത്തെ പ്രതിപക്ഷത്തുള്ള ആളുകളെക്കൂടി കൂട്ടണം. ഇടതുപക്ഷ പ്രസ്ഥാനം ബംഗാളിലും ത്രിപുരയിലും ഭരിച്ച കാലത്ത് ബംഗാളിലെ മുഖ്യമന്ത്രി ജ്യോതി ബാസുവും കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന ഇ. എം. എസ്സും. പ്ലാനിംഗിനെ സംബന്ധിച്ച് ഒരു ആൾട്ടർനേറ്റീവ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടായിരുന്നുവെന്നകാര്യം കൂടി നിങ്ങൾ മനസ്സിലാക്കണം. ഇത്തരത്തിലുള്ള ചില കാര്യങ്ങൾകൂടി ചിന്തിച്ചുകൊണ്ട് കേരളത്തിലുള്ള വ്യവസായങ്ങളേയും വരാൻ പോകുന്ന വ്യവസായങ്ങളേയും നിലനിറുത്തത്തക്ക രീതിയിലുള്ള പ്ലാനിംഗ് ഉണ്ടാക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള : സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ "പരിഹാരം കാണാൻ ഒരു സ്കീം" എന്ന് കൂടി ചേർക്കുക.

ശ്രീ. ടി. കെ. അരുമുഖൻ : സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ "ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന" എന്നതിനു ശേഷമുള്ള "സ്ഥിതിവിശേഷം" എന്നതിനുപകരം "സാഹചര്യം" എന്നും "ഈ സഭ" എന്നതിനുശേഷം "ഐകകണ്ഠ്യേന" എന്നും ചേർക്കുക.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ "സ്കീം" എന്നതിനുപകരം "സമയബന്ധിത പരിപാടി" എന്ന് ചേർക്കുക.

ശ്രീ. എം. എം. ഹസ്സൻ : സർ, അയഥാർത്ഥ്യ പ്രസ്താവനകളും ഉൾക്കൊള്ളുന്ന അപ്രായോഗികമായ ഒരു പ്രമേയമാണ് ഇത് എന്നുള്ളതുകൊണ്ട് ഞാൻ ഇതിനോട് യോജിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് വ്യാവസായിക തകർച്ച ഉണ്ടായിട്ടില്ല. വ്യാവസായിക സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ—ഇലക്ട്രിസിറ്റി കട്ട് മൂലം അടച്ചുപൂട്ടുകയോ, ലേ-ഓഫ് ചെയ്യുകയോ ചെയ്തിട്ടുള്ളതല്ലാതെ മാവൂർ ഗ്വാളിയാർ റയോൺസ് ഒഴികെ മറെറാരു സ്ഥാപനവും ഇൻഡസ്ട്രിയൽ സിക്നസ്കൊണ്ട് ഇന്ന് നമ്മുടെ സംസ്ഥാനത്ത് അടച്ചിട്ടിട്ടില്ല. യന്ത്രവൽക്കരണം, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയവ തൊഴിലാളികളുടെ എഫിഷ്യൻസി വർദ്ധിപ്പിക്കാനും, കഴിയുന്നിടത്തോളം ഈ രാജ്യത്ത് തൊഴിൽ ഇല്ലാത്ത ആളുകൾക്ക് കൂടുതൽ തൊഴിലില്ലായ്മ ഉണ്ടാക്കാതിരിക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ള ആധുനിക സംരംഭങ്ങളായതുകൊണ്ട് അവയുടെ പേരിൽ ഈ സംസ്ഥാനത്ത് തൊഴിൽരഹിതരുടെ എണ്ണം വർദ്ധിക്കുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് വ്യവസായത്തകർച്ച

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാത്ത സംസ്ഥാനത്ത് വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നത് സത്യത്തിൽ ഈ ഗവൺമെൻറിനെതിരായ വെറും രാഷ്ട്രീയ ആരോപണം മാത്രമായതുകൊണ്ട് ഇലക്ട്രിസിറ്റി കട്ടിൻെറ പേരിൽ അല്ലാതെ മറെറാന്നിൻെറയും പേരിൽ നമ്മുടെ ഇൻഡസ്ട്രിയൽ സ്ഥാപനങ്ങൾ ലേ-ഓഫ് ചെയ്തിട്ടില്ലാത്തതുകൊണ്ട്, ഈ സംസ്ഥാനത്ത് തൊഴിൽ ഇല്ലാത്തവരുടെ എണ്ണം അതിൻെറ പേരിൽ വർദ്ധിച്ചിട്ടില്ലായെന്നുള്ളതുകൊണ്ടാണ് ഇത് അയാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രസ്താവനയാണെന്ന് ഞാൻ പറഞ്ഞത്. അതോടൊപ്പം തന്നെ സംസ്ഥാനത്ത് തൊഴിലില്ലായ്മ രൂക്ഷമാണെന്നുള്ള പ്രസ്താവനയോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. പക്ഷേ തൊഴിലില്ലായ്മ പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ ഒരു സ്കീം ഉണ്ടാക്കണമെന്നു പറഞ്ഞിട്ടുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ സംസ്ഥാന-കേന്ദ്ര ഗവൺമെൻറുകൾ പരിപാടികൾ ആവിഷ്കരിക്കണമെന്നുള്ളതിനോട് എനിക്ക് അഭിപ്രായവ്യത്യാസമില്ല. നേരത്തെ പറഞ്ഞ കാരണങ്ങൾകൊണ്ട് ഇവിടെ തൊഴിലില്ലായ്മയുണ്ടായിട്ടില്ലായെന്നും, അതിൻെറ പേരിൽ പുതിയ സ്കീമുകൾ ഉണ്ടാക്കണമെന്നും പറയുന്നതിനോടാണ് എനിക്ക് വിയോജിപ്പുള്ളത്.

ഇവിടെ ചണവ്യവസായത്തിനും ഇൻഡസ്ട്രിയൽ സിക്ക്നസ് ഉണ്ട്. ടെക്സ്റൈൽ ഇൻഡസ്ട്രിയെ സംബന്ധിച്ചിടത്തോളം ആണെങ്കിലും ആ വ്യവസായങ്ങൾക്കും രോഗങ്ങൾ ബാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ചന്ദ്രശേഖരക്കുറുപ്പ് ഇവിടെ പറഞ്ഞു 80,000 സിക്ക് വ്യവസായ യൂണിറ്റുകൾ ഈ സംസ്ഥാനത്തുണ്ട് എന്ന്. മനുഷ്യർക്ക് രോഗം വരുന്നതുപോലെ വ്യവസായങ്ങൾക്ക് രോഗമുണ്ടാകും ; ചിലത് അത്യാസന്ന നിലയിലാകും. ചികിൽസിച്ചാൽ ചിലത് രക്ഷപ്പെട്ടില്ലായെന്നും വരും. എന്തുകൊണ്ടാണ് മാവൂർ ഗ്വാളിയർ റയോൺസ് അടച്ചിട്ടിട്ടുള്ളത് ? അത് തുറന്നു പ്രവർത്തിക്കുന്നതിന് ഗവൺമെൻറ് ആത്മാർത്ഥമായ ശ്രമം നടത്തുന്നുവെന്ന് ഇവിടെ പറഞ്ഞു. വനവിഭവങ്ങളുടെ ലഭ്യതക്കുറവ് കാരണം അസംസ്കൃതപദാർത്ഥങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ടുകളാണ്, യഥാർത്ഥത്തിൽ ഇൻഡസ്ട്രിയൽ സിക്ക്നസ് കൊണ്ടാണ് ആ സ്ഥാപനം അടച്ചുപൂട്ടിയിട്ടുള്ളത് എന്ന സത്യം ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ ?

നമ്മുടെ സംസ്ഥാനത്ത് മഴ കുറവായപ്പോൾ ഇലക്ട്രിസിറ്റിയുടെ ഉല്പാദനത്തിൽ കുറവുണ്ടായി. ഇലക്ട്രിസിറ്റി ഉൽപ്പാദനം കുറഞ്ഞപ്പോൾ പല സ്ഥാപനങ്ങളും ലേ-ഓഫ് ചെയ്തു. അതിന് രാഷ്ട്രീയമായി എങ്ങനെ ഗവൺമെൻറിനെ കുറ്റപ്പെടുത്താൻ കഴിയും ? അതുകൊണ്ട് അത്തരം കാരണങ്ങൾ പറയുന്നത് ന്യായമല്ല. ഇവിടെ ബഹുമാനപ്പെട്ട മൂസക്കുട്ടിയും, ചന്ദ്രശേഖരക്കുറുപ്പും ഒക്കെ കമ്പ്യൂട്ടറൈസേഷനും യന്ത്രവൽക്കരണത്തിനുമെതിരായി സംസാരിച്ചു. റഷ്യ, ചൈന തുടങ്ങിയ കമ്മ്യൂണിസ്റ് രാഷ്ട്രങ്ങളിൽ വ്യവസായവൽക്കരണത്തിൽ ആധുനീകരണം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ചൈനീസ് നാര് കൊണ്ടുണ്ടാക്കിയിട്ടുള്ള ഉൽപ്പന്നങ്ങൾ ലോകകമ്പോളത്തിൽ നമ്മുടെ കയറുൽപ്പന്നങ്ങളുമായി മൽസരിച്ച്, കയറുൽപ്പന്നങ്ങളെ അപ്പാടെ തളർത്തിക്കളഞ്ഞുകൊണ്ട്, ചൈനീസ് നാരുകൊണ്ടുണ്ടാക്കിയ ഉൽപ്പന്നങ്ങൾ ലോകമാർക്കറ്റ് പിടിച്ചടക്കിക്കഴിഞ്ഞിരിക്കുകയാണ്. ഇവിടത്തെ പരമ്പരാഗത കയർ തൊഴിലാളി ആധുനീകവൽക്കരണത്തിനെതിരായി അവരുടെ മുമ്പിൽ നമ്മെ എടുക്കുന്ന നിലപാടിൻെറ ഫലമായി ഇന്നും വർഷത്തിൽ അൻപതും അറുപതും ദിവസം ജോലി ചെയ്യുന്ന കയർതൊഴിലാളികൾ പട്ടിണിയും പരിവട്ടവുമായി കഴിയുമ്പോൾ കമ്മ്യൂണിസ്റ് രാഷ്ട്രങ്ങൾ യന്ത്രവൽക്കരണത്തിലൂടെ, കമ്പ്യൂട്ടറൈസേഷനിലൂടെ ആധുനിക വ്യവസായരംഗത്ത് അടിവച്ചടിവച്ച് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എനിക്ക് കമ്മ്യൂണിസ്റ് സുഹൃത്തു

LIBRARY ARCHIVES Kerala Legislative Assembly

ക്കളോട് പറയാനുള്ളത് 'കാലത്തിന്റെ മൈൽക്കുറ്റിയിൽ നമ്മുടെ മസ്തിഷ്ക്കത്തെ പിടിച്ചുകെട്ടി വാട്ടുതത്വവാദങ്ങളുടെ പോരിൽ ഈ രാജ്യത്തിന്റെ പുരോഗതിയെ നിങ്ങൾ പിന്നോക്കം പായിക്കരുത്'' എന്ന് കമ്മ്യൂണിസ്റ്റ് വാട്ടുതത്വവാദികളോട് ഞാൻ അപേക്ഷിക്കുകയാണ്. തൊഴിലില്ലായ്മക്കെതിരെ ചെറുപ്പക്കാരെ ഇറക്കി സമരം ചെയ്യുന്നുണ്ടല്ലോ, ഈ രാജ്യത്ത് തൊഴിലുണ്ടാകണം. ഈ രാജ്യത്ത് ഏതെങ്കിലും വ്യവസായത്തകർച്ച ഉണ്ടായിട്ടുണ്ടെങ്കിൽ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന മാർക്സിസ്റ്റുകാരുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നു. എവിടെ ഒരു ഫാക്ടറിയുണ്ടാക്കിയാലും ഒരു ചുവന്ന കൊടി കൊണ്ടുവച്ച് അനാവശ്യമായ സമരങ്ങൾ നടത്തി, ഈ രാജ്യത്തെ വ്യവസായവൽക്കരണത്തെ തകർക്കുന്നതിൽ ഒരു പങ്ക് വഹിക്കുന്നവരാണ് ഇന്ന് പ്രതിപക്ഷത്തിരിക്കുന്ന പല പാർട്ടികളും. ആ കാര്യത്തിൽ എന്റെ പാർട്ടിക്കാരടക്കം അത്തരത്തിൽ ഉള്ള ഒരു നിലപാട് സ്വീകരിച്ചാൽ അത് രാജ്യദ്രോഹപരമാണെന്നു പറയാൻ ഞാൻ മടിക്കില്ല. അതുകൊണ്ട് ഈ പ്രമേയത്തിൽ പറയാത്ത ഒരു കാര്യം, ഇത് അവതരിപ്പിച്ച ആളിന് വിട്ടുപോയത് ഇന്ന് രാവിലെ ശ്രീ. ചന്ദ്രമോഹനൻ ചൂണ്ടിക്കാണിച്ചതുപോലെ എഴുപതിനായിരത്തോളം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഇങ്ങനെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ പൂർണ്ണമായി ഉടനടി നിയമനം നടത്താനുള്ള നടപടികൾ എടുക്കുകയും, പുതിയ തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുകയും വേണം. അല്ലാതെ കമ്പ്യൂട്ടറൈസേഷനേയും യന്ത്രവൽക്കരണത്തേയും എതിർത്തുകൊണ്ട്, മറ്റും തൊഴിലാളികളുടെ ശോചനീയമായ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ നടത്തുന്ന പരീക്ഷണങ്ങൾപോലും ഇവിടെ നടത്താൻ പാടില്ല എന്ന് വാദിക്കുന്നത് സത്യത്തിൽ തൊഴിലാളി ദ്രോഹവും വഞ്ചനയുമാണ്. അതുകൊണ്ട് തൊഴിലില്ലായ്മ രൂക്ഷമായ ഒരു പ്രശ്നമാണ്. അത് പരിഹരിക്കാൻ ഈ പ്രമേയത്തിന്റെ അന്തഃസത്തയിൽനിന്നുകൊണ്ട് ഈ ഗവൺമെന്റ് സമഗ്രമായ, യുദ്ധകാലാടിസ്ഥാനത്തിലുള്ള പരിപാടികൾ ആവിഷ്ക്കരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. കെ. ടി. കുഞ്ഞിരാമൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഇവിടെ കേരളത്തിലെ വ്യവസായമേഖലയെക്കുറിച്ച് ശ്രീ. ഹസ്സൻ പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ സംസ്ഥാനത്തെ ജനങ്ങളോട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ കേരളത്തിന്റെ മൗലികപ്രാധാന്യമുള്ള തൊഴിലില്ലായ്മാപ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ കേന്ദ്രഗവൺമെന്റുമായി സഹകരിച്ചുകൊണ്ട് കേരളത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുമെന്ന് വാഗ്ദാനം ചെയ്ത ഒരു ഗവൺമെന്റാണിത്. കഴിഞ്ഞ നാലരവർഷക്കാലത്തിനിടയ്ക്ക് ഈ സംസ്ഥാനത്തെ വ്യവസായ തകർച്ചയുടെ ശവപ്പറമ്പായി മാറിയിരിക്കുകയാണ് ഈ സർക്കാർ. അല്ലായെന്നു പറയാൻ ശ്രീ. ഹസ്സനു കഴിയുമോ? ശ്രീ. ഹസ്സന്റെ പാർട്ടിക്കാരടക്കം ഈ സെക്രട്ടേറിയറ്റ് ഗേറ്റിൽ മൂന്നാം പ്രാവശ്യം സത്യാഗ്രഹസമരം നടത്തുകയാണ്. മാവൂർ ഗ്വാളിയർ റയോൺസിലെ 4,500 തൊഴിലാളികളും അവരുടെ കുടുംബങ്ങളും മാത്രമല്ല, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 20,000 ത്തോളം വരുന്ന അവരുടെ കുടുംബങ്ങളടക്കം ഇന്ന് കൊടും പട്ടിണിയിലാണ്. ഈ കഴിഞ്ഞ 16 മാസക്കാലമായി പട്ടിണികിടക്കുന്ന ആ തൊഴിലാളികളുടെ മുഖത്ത് നോക്കി ശ്രീ. ഹസ്സൻ ഇവിടെ ഇതൊക്കെ പറയാൻ ധൈര്യം വന്നല്ലോ. അപ്പുറത്തിരിക്കുന്ന ശ്രീ. ബഷീറിനും, രേണുകക്ഷിയിലെ മറ്റ് മെമ്പർമാർക്കും ഇതേക്കുറിച്ച് ഒരുവാക്ക് പറയാൻ കഴിയില്ലേ? ഈ തൊഴിലാളികളുടെ ആവശ്യങ്ങളെ സംബന്ധിച്ച് 16 പ്രാവശ്യം ബിർളാ കമ്പനിയും ഗവൺമെന്റുമായി ഈ കാര്യത്തിൽ കൂടിയാലോചന നടത്തിയെന്നു പറഞ്ഞു. 13 പ്രാവശ്യം നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ ചർച്ചനടത്തി. ഇന്നുവരെ ഈ പ്രശ്നത്തിന്. പരിഹാരം കാണാൻ കഴിയുന്നതരത്തിൽ ഒരു നിർദ്ദേശമെങ്കിലും ഈ ഗവൺമെന്റോ, മുഖ്യമന്ത്രിയോ സമർപ്പിച്ചിട്ടുണ്ടോ ? 1981-ൽ അവസാനിച്ചിട്ടുള്ള അവരുടെ ദീർഘകാലകരാർ പുതുക്കണമെന്നുള്ള ആവശ്യം, അവരുടെ ബോണസ്സിന്റെ പ്രശ്നം, അതുപോലെ റിസർവ്വ്ഡ് തൊഴിലാളികളുടെ പ്രശ്നം, ഈ രീതിയിലുള്ള ചില പ്രശ്നങ്ങളാണ് അവിടെ ഉണ്ടായത്. കഴിഞ്ഞ 16 മാസക്കാലമായി പട്ടിണി കിടക്കുന്ന തൊഴിലാളികളുടെ പ്രശ്നത്തിൻമേൽ അവരുടെ മുതലാളിയെ വിളിച്ച് അത് തുറപ്പിക്കാനാവശ്യമായ ഏതെങ്കിലുമൊരു നിർദ്ദേശം കൊടുത്തു എന്നു പറയാൻ മുഖ്യമന്ത്രിക്ക് കഴിയുമോ ? അപ്പുറത്തിരിക്കുന്ന ആർക്കെങ്കിലും പറയാൻ കഴിയുമോ ? ശ്രീ. ബഷീറിന് പറയാൻ കഴിയുമോ ? അതുകൊണ്ട് ഞാൻ പറയുന്നു, മാവൂരിലെ ഈ ഒരൊറ പ്രശ്നം മതി, ഇത് ഈ സർക്കാരിന്റെ മുഖമുദ്രയാണ്. ഈ പ്രശ്നം പരിഹരിക്കാൻ ഒരു മണിക്കൂറെങ്കിലും നമ്മുടെ മുഖ്യമന്ത്രിയെന്ന നിലയിൽ അദ്ദേഹത്തിന്റെ കടമ നിർവ്വഹിക്കാത്ത ഈ സർക്കാർ വാസ്തവത്തിൽ അങ്ങേയറ്റത്തെ രാക്ഷസീയമായ നിലപാടാണ് ഈ സംസ്ഥാനത്തെ തൊഴിലാളികളോടും, ഈ സംസ്ഥാനത്തിലെ ജനങ്ങളോടും ചെയ്യുന്നത്. ഞാൻ ഈ പ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളെല്ലാം ശരിയാണെങ്കിൽപോലും അതിൽ പ്രായോഗികവീക്ഷണം കുറവാണെന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുകയാണ്. ഈ സംസ്ഥാനത്ത് വ്യാവസായിക പ്രതിസന്ധി യാതൊന്നും ഇല്ലായെന്നും, ഇവിടത്തെ വ്യാവസായികാന്തരീക്ഷം പൂർണ്ണമായും ശാന്തസുന്ദരമാണ് എന്നൊന്നും ഞാൻ പറയുന്നില്ല. പ്രത്യേകിച്ച് ഒരു കൊല്ലവും നാലുമാസവുമായി മാവൂർ ഗ്വാളിയർ റയോൺസ് പൂട്ടിക്കിടക്കുമ്പോഴും അങ്ങനെയൊരു പ്രസ്താവന ചെയ്യുന്നത് പാപമാണെന്നുള്ളതാണ് എന്റെ അഭിപ്രായം. ഞാൻ വളരെ വ്യക്തമായി പറയുന്നു, മാവൂർ ഗ്വാളിയർ റയോൺസിലെ സമരം അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടികളും എടുക്കാൻ ഈ ഗവൺമെന്റ് ഇനി ഒട്ടും വൈകിക്കൂടാ. അവിടെ തൊഴിലാളികളും അനുഭവിക്കുന്ന കഷ്ടപ്പാടുകളെക്കുറിച്ച് പലപ്പോഴും ഈ സഭയിൽ ഞാൻ പല കാര്യങ്ങളും ഉന്നയിച്ചിട്ടുള്ളതാണ്. അതിനു എല്ലാ വിധത്തിലുമുള്ള ആരോപണങ്ങളും, പ്രത്യാരോപണങ്ങളും ഇവിടെനിന്നു കേട്ടിട്ടുണ്ടെങ്കിൽപോലും, ഈ പ്രശ്നം പരിഹരിക്കുന്നതിനു അടിയന്തിരമായി മുഖ്യമന്ത്രി മുൻകൈയെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. തൊഴിലാളികളും അവിടെ സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. ആ സമരത്തിൽ ഞങ്ങളുക്കു എല്ലാപേർക്കും പങ്കുണ്ട്, അത് രാഷ്ട്രീയപ്രേരിതമായ ഒരു സമരം ആണ് എന്നു പറയുന്നത് ശരിയല്ല. ഭരണ പ്രതിപക്ഷ മുന്നണിയിൽപ്പെടുന്ന എല്ലാപേരും ഈ സമരത്തിൽ പങ്ക് വഹിക്കുന്നുണ്ട്. ഒട്ടും വൈകാതെ ആ തൊഴിലാളികളുടെ പ്രശ്നം പരിഹരിച്ച്, ആ വ്യവസായ സ്ഥാപനം തുറക്കുന്നതിനാവശ്യമായ നടപടികളും എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. മൂസ്സക്കുട്ടി ഇവിടെ ചില പ്രസ്താവനകളും ചെയ്തു. അതിൽ മുഖ്യമന്ത്രി എന്നെ അധികാരപ്പെടുത്തിയിട്ടുണ്ട് എന്നൊക്കെ പത്രത്തിൽ വന്നതായി ഇവിടെ വായിക്കുകയുണ്ടായി. ഏതായാലും ശരി, ദേശാഭിമാനിയിൽ അങ്ങനെയൊരു വാർത്ത വന്നിട്ടില്ല. വന്നത് വ്യാപാരിമാരുടേയും, മുതലാളിമാരുടേയും പത്രത്തിലാണ്. അപ്പോഴും ദേശാഭിമാനിയിൽ വരുന്നതിനേക്കാളും മുതലാളിമാരുടെ പത്രത്തിൽ വരുന്നതാണ് ശരിയെന്ന് ശ്രീ. മൂസ്സക്കുട്ടി വിശ്വസിക്കുന്ന ഒരു കാലഘട്ടം വന്നുവെങ്കിൽ അത്

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ പാർട്ടിയിൽ വന്നിട്ടുള്ള പുതിയ ചിന്തയുടെ അടിസ്ഥാനത്തിൽ ആയിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു.

വ്യാവസായികപ്രതിസന്ധിയെക്കുറിച്ച് ഇവിടെ സംസാരിച്ചപ്പോൾ ശ്രീ. ചന്ദ്രശേഖരക്കുറുപ്പ് പറഞ്ഞു, പടിഞ്ഞാറൻ ബംഗാളിൽ വളരെ ഗുണമാണ്, അവിടെയൊന്നും പ്രശ്നങ്ങളില്ല എന്ന്. വ്യാവസായികമാന്ദ്യം ഇന്ന് ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് പടിഞ്ഞാറൻ ബംഗാളിലാണ്. അതിന്റെ സ്ഥിതിവിവരക്കണക്ക് കഴിഞ്ഞ പ്രാവശ്യം ഞാൻ ഇവിടെ പറഞ്ഞിരുന്നു. ജൂട്ട് വ്യവസായത്തിലും, എൻജിനീയറിംഗ് വ്യവസായത്തിലും, മെക്കനൈസേഷൻ നടത്താൻ വിസമ്മതിക്കുന്നതിന്റെ ഫലമായി പടിഞ്ഞാറൻ ബംഗാളിൽ ഏറ്റവുമധികം ഇൻഡസ്ട്രിയൽ സിക്നസ്സ് നിലനില്ക്കുകയാണ്. ഇൻഡസ്ട്രിയൽ സിക്നസ്സിന്റെ—വ്യാവസായികമാന്ദ്യത്തിന്റെ—അടിസ്ഥാനപരമായ കാരണങ്ങൾ പരിശോധിക്കണം. അതിന്റെ കാരണം കേരളത്തിൽ മാത്രമല്ല, നമ്മുടെ രാജ്യത്താകെ നിലനില്ക്കുന്ന ചില വ്യവസ്ഥിതികളെ നാലായി തിരിച്ചാൽ ആ വ്യാവസായിക പ്രതിസന്ധിയുടെ കാരണം കണ്ടുപിടിക്കാൻ കഴിയും.

(1) പൊതുമേഖലാ വ്യവസായങ്ങളുടെ കാര്യക്ഷമതയില്ലായ്മ.

(2) ചെറുകിട വ്യവസായമേഖലയിൽ നിലനില്ക്കുന്ന ഇൻഡസ്ട്രിയൽ സിക്നസ്സ്.

(3) വ്യാവസായിക ബന്ധ പ്രശ്നങ്ങൾ സുഗമമാക്കാനുള്ള ആരോഗ്യമില്ലാത്ത വ്യവസായികബന്ധ നിയമങ്ങൾ.

(4) വ്യാവസായിക നവീകരണത്തിന് അനിവാര്യമായ മെക്കനൈസേഷനും കമ്പ്യൂട്ടറൈസേഷനും നടപ്പിലാക്കുന്നതിന് മുമ്പ് നമുക്കുള്ള വൈതരണികൾ. ഈ വക കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കിക്കൊണ്ട് മാത്രമേ നമ്മുടെ വ്യാവസായിക പ്രതിസന്ധി അവസാനിപ്പിക്കാൻ സാധിക്കൂ. പൊതുമേഖലാ വ്യവസായങ്ങൾക്ക് ഒരു ധാരണയുണ്ട് ആവർ എന്തു ചെയ്യുകയാണെങ്കിലും സ്റ്റേറ്റ് നോക്കിക്കൊള്ളും എന്നുള്ള ചിന്ത. പൊതുമേഖലാ വ്യവസായങ്ങളുടെ കാര്യക്ഷമതയില്ലായ്മയുടെ ഫലമായിട്ട് ആ വ്യവസായം കൂടുതൽകൂടുതൽ വികസനമില്ലാതെയായിരിക്കുന്നു. അത് നാശത്തിലേക്ക് നീങ്ങുന്നു. അതുപോലെതന്നെ ചെറുകിടമേഖലയിലെ ഇൻഡസ്ട്രിയൽ സിക്നെസ്. വ്യവസായങ്ങൾ രോഗഗ്രസ്തമാവുകയാണ്. അത് പൂട്ടുകയാണ്. അതിനുള്ള കാര്യങ്ങൾ കണ്ടുപിടിക്കണം. ആ കാര്യങ്ങൾ കണ്ടുപിടിച്ച് അവയ്ക്ക് പരിഹാരമുണ്ടാക്കണം. ഞാൻ നിർദ്ദേശിക്കുന്നത് ചെറുകിട വ്യവസായമേഖലകളിൽ അതിന്റെ മാനേജുമെന്റു തൊഴിലാളിക്ക് പങ്കാളിത്വം കൊടുത്തുകൊണ്ട് അതിനെ ഉദ്ധരിക്കണമെന്നാണ്. അതുപോലെതന്നെയാണ് ചെറുകിട വ്യവസായ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായ യൂണിറ്റുകളിൽ മാത്രമേ ഉൽപ്പാദിപ്പിക്കാവൂ എന്ന ഒരു റിസർവേഷൻ അക്കാര്യത്തിൽ ഏർപ്പെടുത്തണമെന്ന് ഞാൻ വാദിക്കുന്നു. അവസാനമായിട്ട് ഒരു കാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കുന്നു, നമ്മുടെ രാജ്യത്ത് നിലവിലുള്ള വ്യാവസായികബന്ധ നിയമങ്ങൾ തൊഴിൽത്തർക്കം ഉണ്ടാക്കാനേ പറ്റൂ, തൊഴിൽത്തർക്കം പരിഹരിക്കാൻ പറ്റില്ല. നമ്മുടെ വ്യാവസായിക ബന്ധ നിയമങ്ങൾ മാറിയിട്ടുള്ള കാലാവസ്ഥയ്ക്കനുസരിച്ച് സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന വ്യാവസായികബന്ധങ്ങൾക്കനുസരിച്ച് തൊഴിൽനിയമങ്ങൾ മാറ്റി വ്യാവസായികബന്ധങ്ങൾ ആരോഗ്യപ്രദമാക്കുന്ന വിധത്തിൽ തൊഴിൽ നിയമങ്ങൾക്ക് മാറ്റം വരുത്തുന്നതിന് ആവശ്യമായ സമ്മർദ്ദങ്ങൾ കേന്ദ്രത്തിൽ ചെയ്യണം. അല്ലെങ്കിൽ നമ്മുടേതായിട്ടുള്ള വ്യാവസായികബന്ധനിയമങ്ങൾ ഉണ്ടാക്കണം. ബോംബെയിലെ ബോംബെ ഇൻഡസ്ട്രിയൽ റിലേഷൻ ആക്ടുപോലെ ഒരു ആക്ട് കേരളത്തിൽകൊണ്ടുവന്ന് നമ്മുടെ വ്യാവസായികബന്ധങ്ങൾ സുഗമമാ

LIBRARY ARCHIVES Kerala Legislative Assembly

ക്കിക്കൊണ്ട് വ്യാവസായിക പ്രതിസന്ധി പരിഹരിക്കാൻ ഇടവരുത്തുമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ വക നിർദ്ദേശങ്ങൾ ഇവിടെ വച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള : സർ, പ്രമേയത്തിന്റെ സംപിരിറ്റിനോട് യോജിച്ചുകൊണ്ട് ഞാൻ എന്റെ ഭേഗതി അവതരിപ്പിക്കുകയാണ്. തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന ഈ രാജ്യത്ത് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ഒരു കലാപത്തെ രാജ്യം നേരിടേണ്ട അവസ്ഥയാണുള്ളത്. 21-ാം നൂറ്റാണ്ടിലേക്ക് രാജ്യത്തെ കൊണ്ടുപോകുന്നുവെന്നുള്ള ധാരണയിൽ ഒരു ഇറക്കുമതിക്കാരൻ സായിപ്പിന്റെ സഹായവും ഒരു സ്ക്രൂഡ്രൈവറുമുണ്ടെങ്കിൽ വിദേശത്തുനിന്നു എസ്. കെ. ഡി. യെയും സി. കെ. ഡി. യെയും കിറുകൃത്യം കൊണ്ടുവന്നു മുറുക്കിവച്ചാൽ വ്യവസായമുണ്ടാകുമെന്നു ധരിക്കുന്ന ഒരു പ്രധാനമന്ത്രി ഭരിക്കുന്ന രാജ്യത്ത് നിരവധിയാളുകൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ട് യന്ത്രവൽക്കരണവും കമ്പ്യൂട്ടറൈസേഷനും നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഇതുകൊണ്ടൊന്നും അപകടമില്ലയെന്നാണ് ഭരണകക്ഷി ഭാഗത്തുനിന്നും വാദിക്കുന്നത്. പല സ്ഥാപനങ്ങളിലും ഉള്ള തൊഴിലവസരങ്ങൾ പോലും ഇന്നു കുറഞ്ഞുകൊണ്ടിരിക്കുന്നു. പരമ്പരാഗതവ്യവസായങ്ങളിലാണെങ്കിൽ രൂക്ഷമായ തൊഴിൽസ്തംഭനം നിലനിൽക്കുന്നു. പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകുന്നില്ല. പക്ഷേ ഉള്ള് തൊഴിലവസരങ്ങൾ സംരക്ഷിക്കുവാനുള്ള എന്തെങ്കിലും പരിപാടിയുണ്ടോ ? നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം രൂക്ഷമായ അവസ്ഥയാണുള്ളത്. മാവൂർ റയോൺസിലെ തൊഴിലാളികൾ ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. അവിടെ 15,000 തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലാണ്. എന്നാൽ കുന്നത്തറ ടെക്സ്റ്റൈൽസിലെ മാനേജുമെന്റ് ഗവൺമെന്റിനാണ്. മാനേജുമെന്റിന്റെ പിടിവാശിയാണ് മാവൂരിലെ—പ്രശ്നമെന്നു പറഞ്ഞാൽ കുന്നത്തറ ടെക്സ്റ്റൈൽസിലെ മാനേജുമെന്റ് ഗവൺമെന്റിനാണ്. ആ മാനേജുമെന്റിനു മാതൃകാപരമായ ഒരു മാനേജുമെന്റായി പെരുമാറാൻ കഴിയില്ലേ ? പള്ളുരുത്തിയിലെ ബ്രണ്ടൻ കമ്പനി തുറക്കുന്നതിനെക്കുറിച്ച് എത്രയോകാലമായി വർത്തമാനം നടക്കുന്നു. ഒരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തു തുറന്നു പ്രവർത്തിപ്പിക്കാൻ തീരുമാനിച്ച നടപടികളെല്ലാംതന്നെ മാറ്റിപ്പിക്കുകയല്ലേ ഈ ഗവൺമെന്റ് ചെയ്തത്. തിരുവനന്തപുരത്തെ ട്രിൻവാൻട്രം റബ്ബർ വർക്സ് പൂട്ടിക്കിടന്നപ്പോഴും ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഏറ്റെടുത്തു. അവിടെ തൊഴിലാളികളെ ചൊറിയും കുത്തിയിരിക്കുന്നു. അതേസമയം വണ്ടികൾ ബോഡിചെയ്യാനായി സഹകരണമുതലാളിമാർക്കു ടി.വി. എസ്. കമ്പനിക്കും കൊടുത്തു കോഴ വാങ്ങുകയല്ലേ ചെയ്യുന്നത്. ടി. കെ. കെമിക്കൽസ് അടഞ്ഞുകിടക്കുന്നു. അതുപോലെ തമ്പാനൂരിലെ മൊട്രാപ്പോളിറ്റൻ കമ്പനിയിലെ തൊഴിലാളികൾക്ക് ജോലിയില്ല. അവിടെ ഒന്നരക്കോടിയോളം രൂപ വിലവരുന്ന സ്ഥലമെല്ലാം ചുളുവിലയ്ക്ക് ഏറ്റെടുത്തുകൊണ്ട് തൊഴിലാളികളെ കുടിയിറക്കാനുള്ള സമീപനമല്ലേ നടക്കുന്നത് ? എന്താണ് ഇതിന്റെ അടിസ്ഥാനപരമായസമീപനം ? അടഞ്ഞുകിടക്കുന്ന വ്യവസായശാലകൾ തുറന്നു പ്രവർത്തിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്. ചുവന്ന കൊടിപിടിച്ചതാണോ ഇവിടത്തെ പ്രശ്നം ? ചുവന്ന കൊടിയോടൊപ്പം ഐ. എൻ. ടി. യു. സി. യുടെ മൂവർണ്ണക്കൊടികൂടി ഉണ്ടെന്നുള്ള കാര്യം ഈ പ്രസംഗിക്കുന്ന ഭരണകക്ഷിയിലെ അംഗങ്ങൾ എന്തുകൊണ്ടാണ് വിസ്മരിക്കുന്നത് ? ഈ ഗവൺമെന്റിന് തൊഴിലാളികളോട് താല്പര്യമില്ല. ഇതൊരു മുതലാളിത്തസർക്കാരുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറു എന്നുള്ളതുകൊണ്ടാണ് അടിസ്ഥാനപരമായ ഈ തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്തത്; അടഞ്ഞുകിടക്കുന്ന വ്യവസായ ശാലകൾ തുറക്കാൻ കഴിയാത്തതും. അതുകൊണ്ട് അടിയന്തിരമായി സമഗ്രമായ പദ്ധതികൾ കേന്ദ്ര-സംസ്ഥാനഗവൺമെൻറുകൾ ആവിഷ്ക്കരിച്ചില്ലെങ്കിൽ മറ്റ് സംസ്ഥാനങ്ങളിലെ വ്യാപാര വ്യവസായ പ്രവർത്തനങ്ങൾമൂലം തകർന്നുതാറുമാറായിക്കൊണ്ടിരിക്കുന്ന കേരളത്തിൻറെ സാമ്പത്തികാവസ്ഥ ഇനിയും തകരാറിലാകും. അതുകൊണ്ട് ശ്രീ. തച്ചടി പ്രഭാകരൻ നിർദ്ദേശിക്കുന്നരീതിയിലുള്ള വരുമാനം കേരളത്തിൽനിന്നും ഉണ്ടാക്കാൻ കഴിയാത്ത സാഹചര്യംതന്നെയുണ്ടാകും. അതുകൊണ്ട് അടിയന്തിരമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേന്ദ്ര-സംസ്ഥാനഗവൺമെൻറുകൾ രംഗത്തു വരണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തോട് പൂർണ്ണമായും യോജിക്കുവാൻ സാദ്ധ്യമല്ല. ഇവിടെ സംസാരിച്ച ആളുകൾ മുഴുവൻ ഇവിടത്തെ വ്യവസായങ്ങൾ മുഴുവൻ നശിക്കുന്നതിൻറെ ഉത്തരവാദിത്വം പൂർണ്ണമായും ഈ ഗവൺമെൻറിൻറെ തെറ്റായ സമീപനം കൊണ്ടാണെന്ന് സൂചിപ്പിച്ചു, നമുക്കറിയാം നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലിരിക്കുന്ന എംപ്ലോയ്മെൻറു എക്സേഞ്ചിൻെ കണക്കനുസരിച്ച് അഭ്യസ്തവിദ്യരുൾപ്പടെയുള്ള ഇരുപത്തഞ്ചു ലക്ഷത്തിൽപരം ആളുകൾ തൊഴിലില്ലാതെ ഒരു തൊഴിലിനുവേണ്ടി കാത്തിരിക്കുന്നുണ്ട് എന്ന്. നമ്മുടെ സംസ്ഥാനത്തിന് വൻകിട-ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള മൂലധനം വളരെക്കുറവാണ്. അതുകൊണ്ട് നിലവിലിരിക്കുന്ന വ്യവസായങ്ങളെങ്കിലും നല്ല രീതിയിൽ കൊണ്ടുപോകുന്നതിന് ഇവിടെ മറ്റ് ആളുകൾ സൂചിപ്പിച്ചപോലെ എല്ലാ രാഷ്ട്രീയപാർട്ടികളുടേയും തൊഴിലാളിയൂണിയനുകൾ ആത്മാർത്ഥമായി സഹകരിച്ചെങ്കിൽമാത്രമേ പറ്റുകയുള്ളു. ഇത് ഗവൺമെൻറിൻറെ ഭാഗത്തുനിന്നുള്ള ഒരു കുറവായി നമുക്കു ചിത്രീകരിക്കാൻ സാദ്ധ്യമല്ല. നമ്മുടെ സംസ്ഥാനത്തിൽ വെളിയിൽനിന്നുമുള്ള ആളുകൾ വന്ന് വ്യവസായങ്ങൾ ആരംഭിക്കണമെങ്കിൽ അതിന് അനുകൂലമായ ഒരു സാഹചര്യം നമ്മൾ ഉണ്ടാക്കിക്കൊടുക്കണം. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള പുതിയ പദ്ധതിക്കും ആവിഷ്കരിക്കണം. ഇന്ന് രാവിലെ ഇവിടെ സൂചിപ്പിച്ച അഭ്യസ്തവിദ്യരായ 84,000 ആളുകൾക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്ന്. ഐ. ആർ. ഡി. പി. സ്കീമനുസരിച്ച് ഹരിജന-ഗിരിജന ദുർബ്ബലവിഭാഗങ്ങളിൽപ്പെടുന്ന ആളുകൾക്ക് സ്വയം തൊഴിൽകണ്ടെത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം തൊഴിലധിഷ്ഠിതമാക്കിക്കൊണ്ട് കൂടുതൽആളുകൾക്ക് തൊഴിൽ നൽകുവാനുള്ള ശ്രമങ്ങൾ ആരംഭിക്കണ. ആ രീതിയിൽ മുന്നോട്ടു പോകുകയാണെങ്കിൽ സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കാനും കൂടുതൽ ആളുകൾക്ക് ജോലി കൊടുക്കുവാനും സാധിക്കും. അതല്ലാതെ ഗവൺമെൻറിനെമാത്രം കുറ്റപ്പെടുത്താതെ കൂട്ടായി സഹകരിച്ചുകൊണ്ട് കൂടുതൽ ആളുകൾക്ക് ജോലി ലഭിക്കുവാൻ സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഞാൻ ഈ പ്രമേയത്തെ പൂർണ്ണമായും പിന്താങ്ങുകയാണ്. കുറ്റം പറയരുതല്ലോ നമ്മുടെ വ്യവസായ വകുപ്പു മന്ത്രി കേരളം കണ്ട പ്രമുഖനായ ഒരു വ്യവസായി ആണ്. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമാത്രം പൂർണ്ണമായും തകർന്നു എന്നുമാത്രം. മുടക്കുന്ന മുതലിൽനിന്നും പരമാവധി ലാഭമുണ്ടാക്കുകയെന്നതാണ് വ്യവസായത്തിന്റെ ലക്ഷ്യം. ഒരു മുതൽമുടക്കുമില്ലാതെ കോടികണക്കിനു ലാഭമുണ്ടാക്കിയ മറ്റു വ്യവസായിയാണ് നമ്മുടെ വ്യവസായവകുപ്പുമന്ത്രി. എന്നാൽ അദ്ദേഹത്തിന്റെ കീഴിൽ നമ്മുടെ വ്യവസായവകുപ്പിന്റെ ഗതിയെന്താണ്? ഈ സഭയിൽതന്നെ തന്ന ഒരു മറുപടിയിൽ 13 വൻകിട വ്യവസായങ്ങളും അടക്കം ആറായിരത്തിൽപ്പരം വ്യവസായങ്ങളും പൂട്ടിക്കിടക്കുന്നുവെന്ന് കഴിഞ്ഞയാഴ്ച പറഞ്ഞതാണ്. എന്റെ ജില്ലയിൽത്തന്നെ രണ്ടുകോടി രൂപ മുതൽമുടക്കുള്ള ഫോംമാറ്റിംഗ്സ് മൂന്നുകൊല്ലമായി പൂട്ടിക്കിടക്കുകയാണ്. അതുപോലെതന്നെ പ്രീമിയർ മൊറാർജി കെമിക്കൽസ്, ഫോർമാലിൻ പ്ലാന്റ്, ഓയ്ൽ ഗ്ലാസ് ഫാക്ടറി ഈ സ്ഥാപനങ്ങളും പൂട്ടിക്കിടക്കുന്നു. രണ്ടു കോടിരൂപ മുതൽമുടക്കുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഫോമാറ്റിംഗ്സിനു പലിശയിനത്തിൽ മാത്രം ഒരു കോടി അഞ്ചുലക്ഷം രൂപയാണ് ഖജനാവിൽനിന്നും കൊടുക്കേണ്ടിവരിക. ഈ ഗവൺമെന്റിന് ഇതിന് എന്തെങ്കിലും താല്പര്യമുണ്ടോ? ഇവിടെ മാവൂർ ഗ്വാളിയോർ റയോൺസിനെക്കുറിച്ച് പറഞ്ഞല്ലോ, 450 ദിവസമായി പതിനഞ്ചുലക്ഷത്തി എഴുപതിനായിരം തൊഴിൽ ദിനങ്ങളും നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ് ഇവിടെ നൽകിയ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ 13 വൻകിട വ്യവസായങ്ങളും ആറായിരത്തിൽപ്പരം കയർ ഫാക്ടറികളും അടക്കമുള്ള വ്യവസായങ്ങളും പൂട്ടിക്കിടന്നിട്ട് ഇവിടെ വ്യവസായങ്ങളെല്ലാം ഭദ്രമാണെന്ന് പറയുന്ന നടപടിയുമായി ഈ ഗവൺമെന്റു മുന്നോട്ടുപോകുകയാണ്. ഇവിടെ ഒരു വ്യവസായവും വന്നില്ല എന്നുമാത്രമല്ല ഉള്ള വ്യവസായങ്ങളാകെ തകർത്തുകൊണ്ട് തൊഴിലില്ലായ്മയും പട്ടിണിയും സാർവ്വത്രികമാക്കിയ, സ്വന്തം വ്യവസായത്തിൽമാത്രം താൽപ്പര്യമുള്ള ഒരു മന്ത്രിയും ഗവൺമെന്റുമാണ് ഇവിടെയുള്ളതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. ടി. വി. വിജയരാജൻ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. ഇവിടെ വ്യവസായശാലകളെ മുഴുവൻ പൂട്ടിക്കിടക്കുകയാണ് എന്നുള്ളതാണ് ഏറ്റവും വലിയ ആരോപണം. ഈ ഗവൺമെന്റു നിലവിൽ വരുമ്പോഴും ഇപ്പോഴുള്ള കാര്യങ്ങളെ താരതമ്യം ചെയ്തുനോക്കുമ്പോഴും നമ്മുടെ വ്യവസായികരംഗം വളരെയധികം മുന്നോട്ടുപോയിട്ടുണ്ടെന്നും നമുക്കു വ്യക്തമായും ഒരു വ്യവസായനയമുണ്ടെന്നും അക്കാര്യത്തിൽ വ്യവസായ വകുപ്പുമന്ത്രി പൂർണ്ണമായും വിജയിച്ചിട്ടുണ്ടെന്നുമുള്ള കാര്യം വളരെ വ്യക്തമായി മനസിലാക്കിക്കൊണ്ടുതന്നെയാണ് വ്യവസായ വകുപ്പു മന്ത്രിയുടെ നേർക്ക് ആരോപണങ്ങളെ ചൊരിയുന്നത്. ഈ ഗവൺമെന്റു വന്നതിനുശേഷം ലക്ഷക്കണക്കിന് ആളുകൾക്ക് ജോലികൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. ചെറുകിട വൻകിട വ്യവസായങ്ങളെ തുടങ്ങുന്നതിനും അതിലെല്ലാംകൂടി വളരെയധികം ആളുകൾക്ക് ജോലി കൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതെല്ലാം മനസിലാക്കിക്കൊണ്ടുതന്നെ വ്യവസായ വകുപ്പു മന്ത്രിയോട് വ്യക്തിപരമായ വിദ്വേഷവും എന്തോ അടുത്തകാലത്തുണ്ടായ ചില പ്രത്യേക കാരണങ്ങളാലും അദ്ദേഹത്തെ നേരിട്ടു ആക്രമിക്കുകയെന്നുള്ള ഒരു പ്രത്യേക രീതിയുമായി പ്രതിപക്ഷം മുന്നോട്ടുപോകുകയാണ്. ദയവായി കാര്യത്തിന്റെ സത്യസ്ഥിതിമനസിലാക്കി, നമ്മുടെ രാജ്യത്തു വന്നിട്ടുള്ള മാറ്റം മനസിലാക്കിക്കൊണ്ട് അദ്ദേഹത്തെ അനുമോദിക്കുന്നതിനുപകരം അദ്ദേഹത്തെ ആക്ഷേപിക്കുന്നത് ശരിയല്ല എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒരിക്കൽക്കൂടി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജെ. ജോർജ് : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ,

12 noon ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ സർവ്വാത്മനാ അനുകൂലിക്കുന്നു. തൃശ്ശൂർ ഒരു സീതാറാം മില്ലുണ്ട്. ഗവൺമെന്റ് പണം കൊടുക്കാത്തതുകൊണ്ട് ഇന്ന് ശരിക്ക് പ്രവർത്തിക്കാതിരിക്കുന്ന ഒരു സ്ഥാപനമാണ് അത്. രണ്ടു മൂന്നു മാസം അവിടെ ലേ ഓഫ് ആയിരുന്നു. ഇലക്ട്രിസിറ്റിയുടെ കാശ് അടയ്ക്കാത്തതിന്റെ പേരിൽ നാമമാത്രമായ പ്രവർത്തനമാണ് ഇന്ന് സീതാറാം മില്ലിൽ നടന്നുവരുന്നത്. ചാലക്കുടി റിഫ്രാക്ടറീസിന്റെ വികസനപ്രവർത്തനം പണം കൊടുക്കാത്തതിന്റെ പേരിൽ നടക്കാതിരിക്കുകയാണ്. ഏതാണ്ട് ഒരുകോടി രൂപയുടെ മെഷിനറികൾ അവിടെ രണ്ടുമൂന്നു കൊല്ലമായി തുരുമ്പുപിടിച്ച് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ ഗവൺമെന്റിനു പരിപാടിയില്ലാത്തതുപോലെ മന്ദീഭവിച്ചുകൊണ്ടിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : രണ്ടാഴ്ച മുമ്പ് നാല്പതു ലക്ഷം രൂപ കൊടുത്ത വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. കെ. ജെ. ജോർജ് : നാല്പതു ലക്ഷം രൂപ കൊടുത്തത് തൃശ്ശൂർ മുൻസിപ്പാലിറ്റിക്ക് ഇലക്ട്രിസിറ്റിയുടെ കാശ് കൊടുക്കാൻ പോലും തികഞ്ഞില്ല എന്നത് മുഖ്യമന്ത്രിക്കറിയാമോ ? അൻപതു ലക്ഷം രൂപകൊണ്ട് തൃശ്ശൂർ മുൻസിപ്പാലിറ്റിക്ക് കാശു കൊടുക്കാൻ സാധിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രിക്ക് മനസിലായിട്ടുണ്ടോ ? അവിടെ തൊഴിലാളികളുടെ ശമ്പളം മുഴുവൻ കൊടുത്തിട്ടില്ല. അവിടെ റാ മെറ്റീരിയൽസ് വാങ്ങിയതിന്റെ പണം കൊടുത്തിട്ടില്ലെന്ന് മനസ്സിലായിട്ടുണ്ടോ ? എന്തറിഞ്ഞിട്ടാണ് ഇവിടെ മുഖ്യമന്ത്രി ഇങ്ങനെ സംസാരിക്കുന്നത് ?

ശ്രീ. കെ. കരുണാകരൻ : ഒരു കോടി ഇരുപതു ലക്ഷം രൂപ സാങ്ഷനാക്കിയിട്ടുണ്ട്.

ശ്രീ. കെ. ജെ. ജോർജ് : ഈ മുഖ്യമന്ത്രിയുടെ വാക്ക് ഞാൻ പലപ്പോഴും കേട്ടിട്ടുള്ളതാണ്. 1985 സെപ്റ്റംബർ മാസം കൊരട്ടി കുഷ്ഠരോഗാശുപത്രിയുടെ വികസന പ്രവർത്തനത്തിന് രണ്ടു ലക്ഷം രൂപ കൊടുത്തുവെന്നു പറഞ്ഞു. ഇന്നുവരെ ആ സംഖ്യ അവിടെ കിട്ടിയിട്ടില്ല. അതുപോലെ മുഖ്യമന്ത്രി പറയുന്ന ഒരു കാര്യത്തിലും യാതൊരു കഴമ്പുമില്ല. നുണയല്ലാതെ നിങ്ങൾ പറയുകയില്ല. അതുകൊണ്ട് വ്യവസായം ഇവിടെ വ്യാപിച്ചുവരണമെങ്കിൽ ഈ ഗവൺമെന്റ് പോയേ തീരൂ. , ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വി. ദിനകരൻ : സർ, ഞാൻ ഈ പ്രമേയത്തോട് പൂർണ്ണമായി യോജിക്കുവാൻ നിർവ്വാഹമില്ലെന്നു പറയാൻ ആഗ്രഹിക്കുകയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വ്യവസായവൽക്കരണം ആവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായവൽക്കരണത്തിനുവേണ്ടി പരമാവധി ശ്രമിച്ചിട്ടുണ്ട്. അത് യാഥാർത്ഥ്യം മാത്രമാണ്. എങ്കിൽത്തന്നെയും ഇന്ന് പല വ്യവസായങ്ങളും അടഞ്ഞു കിടക്കുന്നുണ്ട്. അടച്ചിട്ടിരിക്കുന്ന വ്യവസായങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കണം. അതുപോലെ യുവജനങ്ങൾ സ്വയംതൊഴിൽ കണ്ടെത്തുന്ന പ്രവർത്തനങ്ങളുമായി രംഗത്ത് വരുന്നുണ്ട്. അവർക്ക് കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രോൽസാഹജനകമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് അവരെ രംഗത്ത് പിടിച്ചു നിർത്തുവാനുള്ള നടപടി സ്വീകരിക്കണം. അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളെ സെയിൽസ് ടാക്സിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് അത് വിറ്റഴിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കി അവരെ നിലനിർത്തുവാനുള്ള സാഹചര്യമുണ്ടാക്കണം. തൊഴിലില്ലായ്മ ഇന്നത്തെ പ്രശ്നമല്ല. ഇതിനു മുമ്പും ഇവിടെ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. യുവജനങ്ങൾ അസംതൃപ്തിയുണ്ടാക്കി സെക്രട്ടേറിയേറ്റ് ഘെരാവോ ചെയ്തതുകൊണ്ടോ മന്ത്രിമാരെ തടഞ്ഞതുകൊണ്ടോ ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുകയില്ല. ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് വ്യവസായവൽക്കരണത്തിലൂടെ ഈ രാജ്യത്ത് പുതിയ മേഖല കണ്ടെത്തിക്കൊണ്ടുള്ള പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകണം എന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളത്. ഈ സമയത്ത് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അടഞ്ഞു കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളും, അത് ചെറുതായാലും ശരി, വലുതായാലും ശരി, തുറന്നു പ്രവർത്തിപ്പിച്ചുകൊണ്ട് കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിച്ച് ഈ രാജ്യത്തെ രൂക്ഷമായ തൊഴിലില്ലായ്മക്ക് പരിഹാരം ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ പ്രമേയത്തോട് വിയോജിപ്പ് പ്രകടിപ്പിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. കേരളം ഒരു പൊട്ടിത്തെറിയുടെ വക്കത്ത് എത്തിയിരിക്കുകയാണ്. ഇരുപത്തിയേഴു ലക്ഷം ചെറുപ്പക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽത്തന്നെ പേര് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. രജിസ്റ്റർ ചെയ്യാത്തവർ വേറെ രണ്ടിരട്ടി കാണും. ഇതിൽ ഒന്നരലക്ഷം ഉന്നതബിരുദധാരികളാണ്. പി. എസ്. സി. യിൽത്തന്നെ ഇരുപത്തിയഞ്ചു ലക്ഷം അപേക്ഷകൾ കെട്ടു പൊട്ടിക്കാതെ കെട്ടിക്കിടക്കുകയാണ്. ഈ സർക്കാർ പരമ്പരാഗത വ്യവസായങ്ങളും പൊതുമേഖലാ വ്യവസായങ്ങളും തകർത്തു. കാർഷിക മേഖല നശിപ്പിച്ചു. ആയിരക്കണക്കിന് മലയാളികൾ ഗൾഫ് രാജ്യങ്ങളിൽനിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിക്കൊണ്ടിരിക്കുകയാണ്. അവരെ വഴിയാധാരമാക്കി യന്ത്രവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും നിമിത്തം ഉള്ള തൊഴിൽ നഷ്ടപ്പെടുകയാണ്. തെരഞ്ഞെടുപ്പ് അടുത്തതോടെ മന്ത്രിമാർ വഴിനീളെ കല്ലിടുകയാണ്. പട്ടികൾക്ക് മുള്ളാൻ മാത്രമേ അത് ഉപകരിക്കുന്നുള്ളു. അഴിമതിയാണ് ഇവിടെ പ്രധാന വ്യവസായം. തൊഴിലില്ലായ്മ മൂലം പട്ടിണിയും ആത്മഹത്യയും പെരുകുകയാണ്. ഈ രാജ്യത്തെ പട്ടിണിയും തൊഴിലില്ലായ്മയും അവസാനിപ്പിക്കാൻ വ്യവസായങ്ങൾക്ക് മുൻഗണന നൽകണം. താലൂക്ക് തോറുമുള്ള വ്യവസായങ്ങൾ ഇന്ന് ജലരേഖയായി മാറിയിരിക്കുകയാണ്. ഞാൻ ഈ പ്രമേയത്തെ ശക്തിയായി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കേരളത്തിലെ തൊഴിലില്ലായ്മ പ്രശ്നം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായതല്ല. മാത്രമല്ല കാലാകാലങ്ങളിലായി ഗവൺമെന്റുകൾ തുടർന്നുവന്ന നയത്തിന്റെ ഫലമായി വ്യവസായ രംഗത്ത് നമുക്ക് മുന്നേറാൻ സാധിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ നാലഞ്ചു വർഷമായി ഈ ഗവൺമെന്റ് തുടർന്നുവന്ന നയത്തിന്റെ ഫലമായി വ്യവസായ വൽക്കരണത്തിൽ ഒരു അന്തരീക്ഷം ഉണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എത്ര വ്യവസായങ്ങൾ ഉണ്ടായി എന്നതിന്റെ കണക്കുകൾ ഉദ്ധരിക്കാനും ഞാൻ തയ്യാറാണ്. രാവിലെ ചർച്ചാവേളയിൽ പറഞ്ഞു, ഇൻഡ്യയിൽ മൊത്തമായി ഒരു വർഷത്തിനുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly

13.2 ശതമാനമാണ് . തൊഴിലില്ലായ്മയുടെ പെരുപ്പമെങ്കിൽ കേരളത്തിൽ അത് കേവലം 3.1 ശതമാനം മാത്രമാണ്. വ്യവസായവൽക്കരണം നടന്നാൽ മാത്രം പോരാ നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളും പുനഃ സംഘടിപ്പിച്ചാൽ മാത്രമേ നമ്മുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുകയുള്ളു. എന്നാൽ ഈ രംഗത്ത് കഴിഞ്ഞ നാലഞ്ചു കൊല്ലമായി നടത്തിയിട്ടുള്ള ഇൻവെസ്റ്റുമെന്റും അതിന്റെ ഫലമായിട്ടുള്ള തൊഴിലും വളരെ അഭിമാനത്തോടുകൂടി ഈ ഗവൺമെന്റിന് പറയാൻ സാധിക്കും. അതിന്റെ കണക്കുകളും വേണമെങ്കിൽ ചെറുതായിട്ട് ഈ സഭയുടെ അറിവിനായി പറയാം. മൊത്തം 560 കോടി രൂപയാണ് സ്റ്റേറ്റ് ചെലവ് ചെയ്തിട്ടുള്ളത്. അതിൽ കെ. എസ്. ഐ. ഡി. സി. ക്ക് പ്രൊമോട്ട് ചെയ്തിട്ടുള്ളത് 75 കോടി രൂപ, കെൽട്രോൺ—30.92 കോടി രൂപ, കെ. എസ്. ഐ. ഇ.—22.86 കോടി രൂപ, എസ്. ഐ. എൽ. കെ.—19.70 കോടി രൂപ, കെ. എസ്. ഇ. ഡി. സി.—7.60 കോടി രൂപ, എം. സി. എൽ.—74.50 കോടി രൂപ, കെ. എം. എം. എൽ.—69.00 കോടി രൂപ, കെ. ഇ. എൽ.—5.50 കോടി രൂപ, ട്രാക്കോ—1.25 കോടി രൂപ, സ്പിന്നിംഗ് സെക്ടർ എടുക്കുകയാണെങ്കിൽ തിരുവനന്തപുരം—1.31 കോടി രൂപ, കൊല്ലം—3.4 കോടി രൂപ, ആലപ്പുഴ—52 ലക്ഷം രൂപ, തൃശ്ശൂർ—5 കോടി രൂപ, മലപ്പുറം—1.06 കോടി രൂപ, ഹാൻറക്സ്—2 കോടി രൂപ, ഹാൻവീവ്—1.55 കോടി രൂപ, കാഷ്യൂ കോർപ്പറേഷൻ—3 കോടി രൂപ, കാപ്പക്സ്—4 കോടി രൂപ, മെട്രോ പ്പൊളീറ്റൻ തുടങ്ങിയവയ്ക്ക് 3.53 കോടി രൂപ, എസ്. എസ്. ഐ. സെക്ടറിൽ 140 കോടി രൂപ, സെൽഫ് എംപ്ലോയ്മെന്റിന് 68 കോടി രൂപ, ആർട്ടിസാൻ—2 കോടി രൂപ, ഹാൻലൂം—17 കോടി രൂപ, ഖാദി—15 കോടി രൂപ, മൊത്തം—560 കോടി രൂപ ഈ സർക്കാർ വ്യവസായവൽക്കരണത്തിന് വേണ്ടി ചെലവഴിച്ചതിന്റെ ഫലമായി ഏതാണ്ട് 2,42,498 ആളുകൾക്ക് തൊഴിൽ കിട്ടിയിട്ടുണ്ട്. ഇത് എൻ. ആർ. ഇ. പി. യുടെയും ആർ. എൽ. ഇ. ജി. പി. യുടെയും രംഗത്തുള്ള തൊഴിലവസരങ്ങൾ കണക്കിലെടുത്തുകൊണ്ടല്ല. അതുകൂടാതെ വ്യവസായ മേഖലയിൽ നിന്നുമാത്രം നൽകിയിട്ടുള്ള കണക്കുകളാണ്. ഞാൻ ഇതു പറയുന്നത് ആദ്യമായി നമുക്ക് വേണ്ടത്, വ്യവസായവൽക്കരണത്തിനുള്ള അന്തരീക്ഷം ആണെന്നാണ്. ഇന്ന് പല വ്യവസായങ്ങളും പൂട്ടിയിട്ടു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടക്കുന്ന ഒരു വ്യവസായം എന്നു പറയുന്നത്, ഗ്വാളിയർ റയോൺസാണ്. അതിന്റെ പ്രശ്നത്തിലേക്ക് ഞാൻ വരാം. ഇവിടെ സൂചിപ്പിച്ചിട്ടുള്ള വ്യവസായങ്ങളുടെ കാര്യങ്ങൾ പഴയ ഗവൺമെന്റിന്റെ കാലത്ത് നടന്നതാണ്. കൊച്ചിയിലെ ഫാക്ടറിയെക്കുറിച്ച് ഇവിടെ പറഞ്ഞു. എന്താണ് ആ ഫാക്ടറിയുടെ സ്ഥിതി ? ഏത് സാഹചര്യത്തിലാണ് അതുണ്ടായത് ? നായനാർ ഗവൺമെന്റിന്റെ കാലത്ത് കുട്ടിച്ചോറാക്കി ഇട്ടതിന്റെ ഫലമായി ഇന്ന് അത് ആർക്കും ഏറ്റെടുക്കാൻ സാധിക്കാത്ത സ്ഥിതി വന്നപ്പോൾ ഈ ഗവൺമെന്റ് എഫ്. എ. സി. ടി. യുമായി ബന്ധപ്പെട്ട് അത് തുറന്ന് പ്രവർത്തിപ്പിച്ചു. ഈ ഗവൺമെന്റ് ഇടപെട്ട് എഫ്. എ. സി. ടി. യെക്കൊണ്ട് തുറന്ന് പ്രവർത്തിപ്പിച്ച അവസരത്തിൽ കോടതിയിൽ പോയി കേസ്സുകൊടുത്ത് അതിന് സ്റ്റേ വാങ്ങിച്ചു. ഏതായാലും ശരി, ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്, ഇതിന്റെ മൂലികമായിട്ടുള്ള സമീപനത്തെക്കുറിച്ചാണ്. ഇന്ന് ഈ സ്റ്റേറ്റിൽ എടുത്തു പറയാവുന്ന പണിമുടക്കുകളും ലോക്ക് ഔട്ടുകളും ഇല്ല. അത് എന്തുകൊണ്ടാണ് ? ഇന്ന് വ്യവസായ രംഗത്ത് ഒരു ശാന്തമായ അന്തരീക്ഷം വരുത്താൻ സാധിച്ചിട്ടുണ്ട്. ആ ശാന്തമായ അന്തരീക്ഷം വരുത്തിയത് സർക്കാരിന്റെ മർദ്ദനമുറകളിൽക്കൂടിയല്ല. തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം ഒരു കാര്യം അവർക്ക് ബോദ്ധ്യമായിക്കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രായോഗിക സമീപനത്തിൽക്കൂടെ വ്യവസായവൽക്കരണം ഉണ്ടായാൽ മാത്രമേ തങ്ങൾക്ക് തൊഴിലവസരങ്ങൾ കിട്ടുകയുള്ളു. പല കാലത്തും രാഷ്ട്രീയ പാർട്ടികളുടെ പിണിയാളുകളായി പ്രവർത്തിച്ച തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇനി ഞങ്ങളെ കൂലിക്കൂടുതലിന് കിട്ടുകയില്ല എന്ന നിലപാട് തൊഴിലാളി വർഗ്ഗം സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് ഞങ്ങൾക്ക് ഈ അന്തരീക്ഷം ഉണ്ടാക്കാൻ സാധിച്ചിട്ടുള്ളത്.

ഗവൺമെന്റ് മറ്റൊന്നും തന്നെ അവകാശപ്പെടുന്നില്ല. തൊഴിലാളി വർഗ്ഗത്തിന്റെയിടയിൽ വന്നിട്ടുള്ള മാറ്റം ? അതോടൊപ്പം തന്നെ സർ, ഈ സംസ്ഥാനത്ത് വ്യവസായം തുടങ്ങാൻ സാദ്ധ്യതയില്ലെന്നും വ്യവസായത്തിനുള്ള അന്തരീക്ഷമില്ലെന്നുമുള്ള ഒരു ധാരണയുണ്ടായി. സർ, ഒരവസരത്തിൽ ഒരു വ്യവസായി പറഞ്ഞു, പണവുംകൊണ്ട് കേരളത്തിൽ ചെന്നാൽ ആ പണം തിരിച്ചു കിട്ടിയില്ലെങ്കിലും തരക്കേടില്ല തലയെങ്കിലും തിരിച്ചു കിട്ടുമോയെന്നു ചോദിച്ച സാഹചര്യത്തിൽ ഇന്ന് വ്യവസായികൾ കേരളത്തിൽ വ്യവസായം തുടങ്ങാൻ ക്യൂ ആയിട്ട് വരുന്നുവെന്ന് പറഞ്ഞാൽ അതിശയോക്തി അല്ല ; കാരണം ഈ ഗവൺമെന്റ് പ്രഖ്യാപിച്ച വ്യവസായ നയമതാണ്. പുതുതായി വ്യവസായം ആരംഭിക്കുന്ന വ്യവസായികൾക്ക് ആദ്യത്തെ 5 കൊല്ലക്കാലം വ്യവസായം അടച്ചിടാനുള്ള അന്തരീക്ഷം ഉണ്ടാകുകയില്ല. അത് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നായാലും ശരി തൊഴിലാളികളുടെ ഭാഗത്തുനിന്നായാലും ശരി വ്യവസായ സമാധാനത്തെ ഉദ്ദേശിച്ചുകൊണ്ട് വ്യവസായം അടച്ചിടാൻ ഈ ഗവൺമെന്റ് അനുവദിക്കുകയില്ലെന്നും പറഞ്ഞു. അതുപോലെതന്നെ സർ, വൈദ്യുതിയെ സംബന്ധിച്ചിടത്തോളം. നമ്മുടെ റിവിഷന് മുമ്പുള്ള പഴയ റേറ്റു വച്ചേ 5 വർഷത്തേക്ക് ഇലക്ട്രിസിറ്റി ചാർജ് ഈടാക്കുകയുള്ളു. ഭൂമി ന്യായമായ വിലയ്ക്ക് ഇപ്പോഴും കൊടുക്കാനുള്ള സംവിധാനമുണ്ട്. ഇങ്ങനെ പല കാര്യങ്ങളും വ്യവസായവൽക്കരണത്തിന്റെ അന്തരീക്ഷത്തിനു വേണം. ശാന്തമായ അന്തരീക്ഷമുണ്ടാവുകയും തൊഴിൽ സമരങ്ങൾ ഇല്ലായ്മ ചെയ്യുകയും ചെയ്തു. അതേയവസരത്തിൽ ഒരു കാര്യം എടുത്തു പറയാം. തൊഴിൽ സമരങ്ങൾ ഇല്ലാതായത് കാലാകാലങ്ങളിലുണ്ടാകുന്ന തൊഴിൽ കുഴപ്പങ്ങളിൽ ഗവൺമെന്റ് ഇടപെട്ട് ന്യായമായ തീരുമാനങ്ങളുണ്ടാക്കാൻ സാധിച്ചതുകൊണ്ടാണ്. അതിൽ പ്രതിപക്ഷവും പലപ്പോഴും ന്യായമായ നിലയിൽ ഞങ്ങളോട് സഹകരിച്ചു. ആദ്യമൊക്കെ ഒന്നു മുട്ടിനോക്കിയെങ്കിലും പിന്നെ നല്ല ഒരു നിലയിലേക്കു വന്ന് പ്രശ്നങ്ങൾ തീരുമാനിക്കുന്ന കാര്യത്തിൽ ഇരു ഭാഗത്തുനിന്നും സഹകരണമുണ്ടായിട്ടുണ്ട്. സർ, അതാണ് നമുക്ക് ആവശ്യം. ഇവിടെ വ്യവസായവൽക്കരണം വേണമെന്നും തൊഴിലില്ലായ്മ പരിഹരിക്കണമെന്നും പറയുമ്പോൾ സമരത്തിൽക്കൂടി അല്ല സഹകരണത്തിൽ കൂടി അത് നമുക്ക് നേടാൻ സാധിക്കും. അതുപോലെതന്നെയാണ് കേന്ദ്രത്തിൽനിന്ന് വിഹിതം വാങ്ങിക്കുന്ന കാര്യത്തിലും. സർ, ഏഴാം പഞ്ചവൽസര പദ്ധതിയിൽ 2.7 ശതമാനമാണ് നമ്മുടെ ഇൻവെസ്റ്റ്മെന്റ്, കർണ്ണാടകത്തേക്കാളും തമിഴ് നാട്ടിനേക്കാളും പഞ്ചാബിനേക്കാളും കൂടുതലാണ് സർ, ഇത്. ഇത് വാങ്ങിക്കാൻ സാധിച്ചത് ഈ അന്തരീക്ഷത്തിൽ കൂടിയാണ്. ഞാൻ ഇവിടെ ചില വ്യവസായങ്ങളുടെ പട്ടിക വായിച്ചു. ഇതിനുംപുറമേ നിരവധി കാര്യങ്ങൾ എടുത്തുപറയാനുണ്ട് സർ. സമയക്കുറവുകൊണ്ട് ഞാൻ അതിനൊന്നും മുതിരുന്നില്ല. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വ്യവസായവൽക്കരണത്തിനുള്ള അന്തരീക്ഷമുണ്ടാക്കി വ്യവസായങ്ങൾ തുടങ്ങി തൊഴിലവസരങ്ങൾ നൽകി. അതോടൊപ്പം തന്നെ തൊഴിൽ രംഗത്തുള്ള ന്യൂനതകൾ പരിഹരിക്കേണ്ടതുണ്ട്. അതിന് നമ്മൾ ശ്രദ്ധിക്കേണ്ട ഒരു സംഗതി ഉണ്ട്—പരമ്പരാഗത വ്യവസായം. ആ പരമ്പരാഗത വ്യവസായത്തെ തകർക്കുന്നതിനുള്ള സമരമുറയിൽനിന്ന് മാറി ആ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായം പടുത്തുയർത്തുന്നതിനുള്ള നിർമ്മാണാത്മകമായ സമീപനം നമ്മൾ സ്വീകരിക്കണം. സർ, ഗവൺമെൻറ് ചില പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഗവൺമെൻറിന് അത് നടപ്പിലാക്കാൻ സാധിക്കുമെന്ന് വിശ്വാസമുണ്ട്. പരമ്പരാഗതമായ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക് രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. കയർ, കശുവണ്ടി മേഖലകൾ പുനരുദ്ധരിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക് അവസാന രൂപം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അങ്ങനെ വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ കൊടുക്കുകയും തൊഴിലാളികളുടെ ന്യായമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യണം.

സർ, ഗ്വാളിയോർ റയോൺസിന്റെ പ്രശ്നം ഉണ്ട്. ഞാൻ അത് ഒരിക്കൽ ഇവിടെ പറഞ്ഞതാണ്. അതിന്റെ പ്രശ്നങ്ങളിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. എന്തായാലും മാനേജ്മെൻറിന് അനുകൂലമായ ഒരു അന്തരീക്ഷം അവിടെയുള്ള നേതൃത്വം ഉണ്ടാക്കാത്തതാണ് അവിടത്തെ കുഴപ്പത്തിനു കാരണം. ഇന്ന് പരുപ്പ് ആവശ്യമില്ല. അത് ചുരുങ്ങിയ വിലയ്ക്ക് മാർക്കറ്റിൽ കിട്ടുന്നു. അതുകൊണ്ട് അവർക്ക് ഫാക്ടറി അടച്ചിട്ടാൽ കുഴപ്പമില്ല. ആ അവസരത്തിലാണ് പണിമുടക്കുനടത്തിയത്. പണിമുടക്കു നടത്തിയതിന്റെ മറ്റു പ്രശ്നങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ആ പണിമുടക്കിന്റെ ഫലമായി ഗവൺമെൻറിന് മാനേജ്മെൻറിന്റെമേൽ കൂച്ചുവിലങ്ങിടാനുള്ള അവകാശവും അവസരവും നഷ്ടപ്പെട്ടു. എന്തായാലും ശരി മാനേജ്മെൻറുമായി സംസാരിച്ചു അവരെ നിർബന്ധിപ്പിച്ചു വൈകാതെ ഗ്വാളിയോർ റയോൺസ് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടിയും ഗവൺമെൻറ് സ്വീകരിക്കുന്നുണ്ട്. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പൂട്ടിയിട്ട വ്യവസായങ്ങൾ തുറന്നു നടത്താനും അതുപോലെ തന്നെ വ്യവസായവൽക്കരണത്തിനുള്ള ഒരു അന്തരീക്ഷമുണ്ടാക്കുകയും അതോടൊപ്പം തന്നെ ഒരു സമാധാനമായ അന്തരീക്ഷം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഇതിൽ കൂടുതൽ പ്രായോഗികമായ ഒരു സമീപനം ഇതിനുമുമ്പുള്ള ഒരു ഗവൺമെൻറും ചെയ്തിട്ടില്ലെന്ന് ഞങ്ങൾ അഭിമാനത്തോടുകൂടി പറയുന്നു. ഇനിയും ആ പരിപാടിയുമായി ഞങ്ങൾ മുന്നോട്ടു പോകും. ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ടി. കെ. അറുമുഖൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ലോനപ്പൻ നമ്പാടൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച പ്രമേയം. സഭ .....

ശ്രീ. ഇ. കെ. നായനാർ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

അനുകൂലിക്കുന്നവർ 48

1 ശ്രീ. ടി. കെ. അബ്ദു
2 ,, ടി. കെ. അറുമുഖൻ
3 ,, കെ. കെ. ബാലകൃഷ്ണൻ
4 ,, കോടിയേരി ബാലകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

5 ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
6 ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
7 ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
8 ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
9 ,, സിറിയക്ക് ജോൺ
10 ശ്രീമതി പി. ദേവൂട്ടി
11 ശ്രീ. കെ. ജെ. ജോർജ്ജ്
12 ശ്രീമതി കെ. ആർ. ഗൗരി
13 ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
14 ,, ടി. കെ. ഹംസ
15 ,, കെ. ഇ. ഇസ്മയിൽ
16 ,, എം. ജിനദേവൻ
17 ,, ഇ. കെ. നായനാർ
18 ,, വി. സി. കബീർ
19 ,, കെ. ടി. കണാരൻ
20 ,, എം. കെ. കേശവൻ
21 ,, വി. കേശവൻ
22 ,, സി. ടി. കൃഷ്ണൻ
23 ,, കെ. കൃഷ്ണൻ കുട്ടി
24 ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
25 ,, കെ. ടി. കുമാരൻ
26 ,, പി. കുമാരൻ
27 ,, പി. വി. കുഞ്ഞിക്കണ്ണൻ
28 ,, ലോനപ്പൻനമ്പാടൻ
29 ,, സി. പി. മൂസ്സാൻകുട്ടി
30 ,, കെ. മൂസ്സക്കുട്ടി
31 ,, എ. കെ. പത്മനാഭൻ
32 ,, കെ. പങ്കജാക്ഷൻ
33 ,, കെ. പി. പ്രഭാകരൻ
34 ,, വർക്കല രാധാകൃഷ്ണൻ
35 ,, എം. വി. രാഘവൻ
36 ,, വി. കെ. രാജൻ
37 ,, കാനം രാജേന്ദ്രൻ
38 ,, കെ. ശങ്കരനാരായണപിള്ള
39 ,, എ. കെ. ശശീന്ദ്രൻ
40 ,, എ. സി. ഷൺമുഖദാസ്
41 ഡോക്ടർ എ. സുബ്ബറാവു
42 ശ്രീ. കെ. വി. സുരേന്ദ്രനാഥ്
43 ,, എ. വി. താമരാക്ഷൻ
44 ,, വി. ജെ. തങ്കപ്പൻ
45 ,, എസ്. ആർ. തങ്കരാജ്
46 ,, പി. സി. തോമസ് (കടുത്തുരുത്തി)
47 ,, ജി. വരദൻ
48 പി. വിജയദാസ്

പ്രതികൂലിക്കുന്നവർ—64

1 ശ്രീ. പി. എം. അബൂബേക്കർ
2 ,, ഇ. അഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

3 ശ്രീ. സി. ടി. അഹമ്മദ്അലി
4 ,, കെ. അവുക്കാദർകുട്ടിനഹ
5 ,, ആർ. ബാലകൃഷ്ണപിള്ള
6 ,, യു. എ. ബീരാൻ
7 ,, ബെന്നിബഹനാൻ
8 ,, പി. ഭാസ്കരൻ
9 ,, വി. ദിനകരൻ
10 ,, എം. പി. ഗംഗാധരൻ
11 ,, എ. ജോർജ്ജ്
12 ,, പി. സി. ജോർജ്ജ്
13 ,, കെ. എം. ഹംസക്കുഞ്ഞ്
14 ,, എം. എം. ഹസ്സൻ
15 ,, എം. പി. എം. ഇസ്ഹാക്ക്കുരിക്കൾ
16 ,, എ. എൽ ജേക്കബ്ബ്
17 ,, ടി എം. ജേക്കബ്ബ്
18 ,, സി. ജി. ജനാർദ്ദനൻ
19 ,, ടി. എസ്. ജോൺ
20 ,, ജോസ്കുറിയാനി
21 ഡോക്ടർ കെ. സി. ജോസഫ്
22 ശ്രീ. കെ. സി. ജോസഫ്
23 ,, പി. ജെ. ജോസഫ്
24 ,, വി. വി. ജോസഫ്
25 ശ്രീമതി എം. കമലം
26 ശ്രീ. കെ. ജി. ആർ. കർത്താ
27 ,, ജി. കാർത്തികേയൻ
28 ,, കെ. കരുണാകരൻ
29 ,, പി. കെ. കുഞ്ഞാലിക്കുട്ടി
30 ,, മണിമംഗലത്ത്കുട്യാലി
31 ,, ഇ. ജെ. ലൂക്കോസ്
32 ,, കെ. പി. എ. മജീദ്
33 ,, കെ. എം. മാണി
34 ,, എം. വി. മാണി
35 ,, കെ. മുഹമ്മദാലി
36 ,, ഇ. ടി. മുഹമ്മദ്ബഷീർ
37 ,, പി. എ. മുഹമ്മദ് കണ്ണ്
38 ,, പി. വി. മുഹമ്മദ്
39 ,, കെ. പി. നൂറുദ്ദീൻ
40 ,, ഉമ്മൻചാണ്ടി
41 ,, തച്ചടി പ്രഭാകരൻ
42 ,, കെ. രാഘവൻമാസ്റ്റർ
43 ,, രാഘവൻ പൊഴക്കടവിൽ
44 ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
45 ,, എസ്. രാമചന്ദ്രൻപിള്ള
46 ,, തേറമ്പിൽ രാമകൃഷ്ണൻ
47 ,, കെ. പി. രാമൻ
48 ,, രമേശ് ചെന്നിത്തല
49 ,, തോപ്പിൽ രവി
50 ,, എൻ. ശങ്കരൻനായർ

LIBRARY ARCHIVES Kerala Legislative Assembly

51 ശ്രീ. പി. സീതിഹാജി
52 ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
53 ,, കടവൂർ ശിവദാസൻ
54 ,, നാലകത്തു സൂപ്പി
55 ,, എൻ. ശ്രീനിവാസൻ
56 ,, എൻ. സുന്ദരൻനാടാർ
57 ,, വി. സുരേന്ദ്രൻപിള്ള
58 ,, പി. പി. തങ്കച്ചൻ
59 ,, സി. എഫ്. തോമസ്
60 ,, കെ. കെ. തോമസ്
61 ,, തോമസ് കല്ലംപള്ളി
62 ,, പി. കെ. വേലായുധൻ
63 ,, ടി. വി. വിജയരാജൻ
64 ,, സ്റ്റീഫൻ പാടുവ

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ	48
പ്രതികൂലിക്കുന്നവർ	64
നിഷ്പക്ഷത പാലിക്കുന്നവർ	ആരുമില്ല.

(ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു)

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച പ്രമേയം സഭ നിരാകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

(2) വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മുൻഗണന

ശ്രീ. കെ. രാഘവൻ മാസ്റ്റർ : സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുകയാണ്.

"നമ്മുടെ സംസ്ഥാനത്തെ പുതിയ ആശുപത്രി കെട്ടിടങ്ങൾ, കുഴൽ കിണറുകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, പട്ടികജാതി പട്ടിക വർഗ്ഗ കോളനികൾ, സെൽഫ് എംപ്ലോയ്മെന്റ് പദ്ധതിയുടെ പരിധിയിൽ പ്പെടുന്ന വൈദ്യുതി ആവശ്യമായിവരുന്ന സ്കീമുകൾ എന്നിവയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു".

നമ്മുടെ സംസ്ഥാനത്ത് വീട്ടമ്മമാർ മുതൽ വൻകിട വ്യവസായികൾ വരെ വേഴാംപലിനെപ്പോലെ കാത്തുനിൽക്കുന്ന ഒന്നാണ് വൈദ്യുതി. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു കാലത്ത് 1984-85 കാലഘട്ടങ്ങളിൽ നമ്മുടെ സംസ്ഥാനത്തുനിന്ന് വൈദ്യുതി മറ്റു സംസ്ഥാനങ്ങളിലേക്ക് വിൽക്കാൻപോലും സാധിച്ചിരുന്ന ഒരു സാഹചര്യം മുണ്ടായിരുന്നു. അന്ന് നമ്മെ സംബന്ധിച്ചിടത്തോളം ആവശ്യത്തിലധികം വൈദ്യുതിയുണ്ടായിരുന്നു. അന്ന് സമൃദ്ധമായ മഴയുള്ളതുകൊണ്ട് നമുക്ക് ആവശ്യമായ വൈദ്യുതിയുണ്ടായിരുന്നു. പക്ഷെ ഇന്ന് നമ്മെ സംബന്ധിച്ചിടത്തോളം പദ്ധതികളുടെ അപര്യാപ്തത, തുടങ്ങിയ പദ്ധതികൾ തന്നെ പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥ, മഴയുടെ കുറവ്, ഇത്തരം കാരണങ്ങൾ കൊണ്ട് നമുക്ക് ആവശ്യമായ വൈദ്യുതി ഇല്ലെന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly